I. ഇ.ബി. XII-കേരള നിയമസഭ/II–7

**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 സെപ്റ്റംബർ 28 വ്യാഴം

നിയമസഭ രാവിലെ 8–30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) വ്യാജമദ്യ വിൽപ്പന തടയേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി.എൻ. പ്രതാപൻ: സംസ്ഥാനത്ത് വ്യാപകമായ രീതിയിൽ വ്യാജ മദ്യ വിൽപ്പന നടക്കുകയാണ്. ഒരു വർഷം കേരളത്തിൽ പന്ത്രണ്ടായിരം കോടി രൂപയുടെ മദ്യം പ്രവഹിക്കുന്നുണ്ടെന്നും ബിവറേജസ് കോർപ്പറേഷൻ വിറ്റഴിക്കുന്നത് 2500 കോടി രൂപയുടെ മദ്യമാണെന്നും 9500 കോടി രൂപ വ്യാജമദ്യ വിൽപ്പനക്കാരുടെ കൈകളിൽ എത്തുന്നുവെന്നും വ്യക്തമായിട്ടുണ്ട്. സംസ്ഥാനത്ത് വ്യാജമദ്യം തടയുന്നതിനുവേണ്ടി കർശനമായ റെയ്ഡുകൾ നടക്കുന്നുണ്ടെന്നാണ് പറയുന്നതെങ്കിലും വ്യാജമദ്യ ലോബിയുടെ പ്രവർത്തനങ്ങൾ വളരെ വ്യാപകമായ രീതിയിൽ

നടക്കുന്നു. കരിയിലകുളങ്ങര, അമരവിള, ആര്യങ്കാവ് എന്നിവിടങ്ങൾ വഴിയും കോട്ടയം–കൊല്ലം പാസഞ്ചർ ട്രെയിനിലും കടൽ മാർഗ്ഗം ഗോവയിൽനിന്ന് മത്സ്യബന്ധന ബോട്ടുകളിലും വ്യാപകമായ രീതിയിൽ വ്യാജമദ്യം സംസ്ഥാനത്തേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. വ്യാജമദ്യ ത്തിന്റെ പ്രവാഹം തടഞ്ഞില്ലെങ്കിൽ വൻ ദുരന്തത്തിനിടയാകും. അതുകൊണ്ട് കരമാർഗ്ഗവും കടൽ മാർഗ്ഗവും വ്യാജമദ്യം പ്രവഹിക്കുന്നത് തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> സംസ്ഥാനത്ത് വ്യാജമദ്യ വാറ്റും സ്പിരിറ്റ് കള്ളക്കടത്തും തടയുന്നതിനു വേണ്ടി എക്സൈസ്, പോലീസ്, റവന്യു, വനം എന്നീ വകുപ്പുകളുടെ സഹായത്തോടുകൂടി കർശനമായ നടപടികൾ സ്വീകരിച്ചുവരികയാണ്. പന്ത്രണ്ടായിരം കോടി രൂപയുടെ മദ്യം കേരളത്തിൽ വ്യാപരിക്കുന്നു വെന്നുള്ള കണക്ക് പരിശോധിച്ചതിനുശേഷം മാത്രമേ സ്ഥിരീകരിക്കാൻ കഴിയൂ. കടൽമാർഗ്ഗവും കരമാർഗ്ഗവും സ്പിരിറ്റ് കള്ളക്കടത്ത് നടത്തുന്നുവെന്നു പറയുന്നത് ശരിയാണ്. അടുത്തകാലത്ത് തൃശൂരിൽ കടൽ മാർഗ്ഗം സ്പിരിറ്റ് കടത്തിക്കൊണ്ടുവന്ന ഒരു ബോട്ട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓണക്കാലത്ത് കൂടുതൽ വ്യാജമദ്യം വിൽപ്പന നടത്തുന്നുവെന്നു പറയുന്നത് ശരിയാണ്. ഇന്ന് മദ്യപാനാസക്തി വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് വ്യാജമദ്യത്തിന്റെ വ്യാപനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ വ്യാപകമായ തോതിൽ ചാരായ വിൽപ്പന നടക്കുന്നുവെന്ന് പറഞ്ഞത് ശരിയല്ല. മഹാഭൂരിപക്ഷം ഷാപ്പുകളിലും കള്ള് മാത്രമാണ് വിതരണം ചെയ്യുന്നത്. എന്നാൽ ചില പ്രദേശങ്ങളിൽ കള്ളിന്

പകരം വ്യാജ കള്ള് വിൽപ്പന നടക്കുന്നുണ്ട്; ഇത് കർശനമായ നടപടികൾക്ക് വിധേയമാക്കുന്നുണ്ട്. ഓണക്കാലത്ത് ഇപ്രകാരമുള്ള കുറെ ഷാപ്പുകൾ അടച്ചുപൂട്ടി. പുതുതായി ബാറുകളും കള്ള് ഷാപ്പുകളും അനുവദിക്കാൻ പാടില്ലെന്നും ഘട്ടം ഘട്ടമായി മദ്യ വിമുക്ത സംസ്ഥാനമായി കേരളത്തെ മാറ്റണമെന്നുമുള്ള ആവശ്യം പ്രായോഗികമാണോയെന്ന് പരിശോധിക്കേണ്ട താണ്. മദ്യാസക്തിക്കെതിരായ ബോധവൽക്കരണമാണ് പ്രധാനമായി നടത്തേണ്ടത്. ആരോഗ്യരംഗത്ത് ഗുരുതരമായ സ്ഥിതിവിശേഷം സൃഷ്ടി ക്കുന്ന മദ്യമാഫിയകൾ സമാന്തര സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുകയും സംസ്ഥാനത്തിന്റെ സമ്പത്ത് കവർന്നെടുക്കുകയും ചെയ്യുന്ന സാഹചര്യ ത്തിൽ വ്യാജ വിഷമദ്യത്തിനെതിരായി ശക്തമായ ജനകീയ പ്രസ്ഥാനം വിശിഷ്യാ സ്ത്രീകളുടെ കൂട്ടായ്മ വളർത്തിയെടുക്കുകയാണ് അടിയന്തിര മായി ചെയ്യേണ്ടത്. സ്പിരിറ്റ് കള്ളക്കടത്തും വ്യാജമദ്യവും കണ്ടുപിടിക്കുന്ന ഉദ്യോഗസ്ഥർക്കും അതിന് സഹായിക്കുന്നവർക്കും പ്രോൽസാഹനവും പാരിതോഷികവും നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(2) <u>പകർച്ചവ്യാധികൾ തടയേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. വി. എൻ. വാസവൻ:</u> സംസ്ഥാനത്ത് ഓരോ വർഷവും പകർച്ച വ്യാധികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ രോഗം വന്നു ചികിൽസി ക്കുന്നതിനേക്കാൾ രോഗം വരാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. വർഷം കഴിയുന്തോറും പകർച്ചവ്യാധി പിടിപെട്ട് ആശുപത്രിയിൽ ചികിൽസയ്ക്കെത്തുന്നവരുടേയും മരണപ്പെടുന്നവരുടേയും എണ്ണം വർദ്ധിച്ചുവരുന്നു. ചിക്കുൻഗുനിയ, ഡെങ്കിപ്പനി, ടൈഫോയ്ഡ് തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിനുവേണ്ടി ഒരു ജനകീയ ആരോഗ്യ നയം

രൂപപ്പെടുത്തുകയും 'ശുചിത്വ കേരളം സുന്ദര കേരളം' എന്ന രൂപത്തിൽ സംസ്ഥാനത്തെ മാറ്റിയെടുക്കുകയും ചെയ്യണം. ആരോഗ്യ വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളുമായി യോജിച്ച് ബോധവൽക്കരണ പരിപാടികളും ശുചീകരണ പ്രവർത്തനങ്ങളും നടത്തണം. സംസ്ഥാനത്തെ പി.എച്ച്.സി. കളിലും സി.എച്ച്.സി.കളിലും ഡോക്ടർമാർ ജോലിക്ക് പോകാത്ത അവസ്ഥയാണുള്ളത്. അതിന് മാറ്റം വരുത്തി ഡോകടർമാർക്ക് ഗ്രാമീണാന്തരീക്ഷത്തിൽ ജോലി ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണം. പാരാ മെഡിക്കൽ സ്റ്റാഫിന്റെ കുറവുമുണ്ട്. പാർട്ട്-ടൈം സ്വീപ്പർമാർക്ക് 70 വയസ് വരെ ജോലി ചെയ്യാൻ കഴിയുമെന്നുള്ളതുകൊണ്ട് അവരിൽ പലരും അവരുടെ പ്രൊമോഷൻ പോസ്റ്റായ നഴ്സിംഗ് അസിസ്റ്റന്റ്, അറ്റന്റർ എന്നിവയിലേയ്ക്ക് വരാൻ വിമുഖത കാണിക്കുന്നുണ്ട്. റൂൾ അമന്റ് ചെയ്ത് ആ പ്രശ്നം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. എൻ.സി.സി, സ്കൗട്ട്സ്, ഗൈഡ്, നാഷണൽ സർവ്വീസ് സ്കീം, സന്നദ്ധ സംഘടനകളുടെ വോളന്റിയേഴ്സ് എന്നിവരെ ബോധവൽക്കരണത്തിനായി പ്രയോജനപ്പെടുത്തണം. ആശുപത്രിയുടെ റിസോഴ്സ് മൊബിലൈസേഷനിലൂടെ, ഇന്നത്തെ നൂതനമായ ചികിൽസാ സംപ്രദായമാവിഷ്ക്കരിക്കാൻ പശ്ചാത്തല വികസന സൗകര്യമുണ്ടാക്കണം. സൂപ്പർ ക്ളോറിനേഷൻ അടക്കമുള്ള പ്രവർത്തനങ്ങൾ നടത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): കോളറ, വസൂരിപോലുള്ള അത്യന്തം മാരകമായ പകർച്ചവ്യാധികളെ ജനകീയ പിന്തുണയോടുകൂടി നിർമ്മാർജ്ജനം ചെയ്ത ഒരു സംസ്ഥാനമാണ് കേരളം. പക്ഷേ സവിശേഷമായ പേരോടുകൂടിയ

നിരവധി പകർച്ചവ്യാധികൾ പടർന്ന് വലിയ ഉത്ക്കണ്ഠയുണ്ടാക്കുന്ന സ്ഥിതി കേരളം ഇപ്പോൾ നേരിടുകയാണ്. ആരോഗ്യ രംഗത്ത് മാതൃക സൃഷ്ടിച്ച ഒരു സംസ്ഥാനമെന്നുള്ള നിലയിൽ മറ്റ് സംസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിലും കേരളം മാതൃകയാകേണ്ടതുണ്ട്. ആരോഗ്യ വകുപ്പ് എത്ര ഫലപ്രദമായി പ്രവർത്തിച്ചാലും ഇത്തരം പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് ഔദ്യോഗിക സംവിധാനം മാത്രം മതിയാകുകയില്ല. തദ്ദേശ ഭരണസ്ഥാപന ങ്ങളും വാട്ടർ അതോറിറ്റിയും വിദ്യാഭ്യാസ വകുപ്പും മറ്റ് വകുപ്പുകളും യോജിച്ചുകൊണ്ട് ഒരു ജനകീയ മുന്നേറ്റത്തിലൂടെയുള്ള ശുചിത്വമാണ് ഏറ്റവും പ്രധാനം എന്നുള്ളത് കണക്കിലെടുത്ത് ഈ രംഗത്ത് പ്രവർത്തിക്കേണ്ടതുണ്ട്. മാരകമായ പകർച്ച വ്യാധികൾ, പ്രത്യേകിച്ച് ജലജന്യ രോഗങ്ങളെ നിർമ്മാർജ്ജനം ചെയ്യാൻ കഴിയത്തക്കവിധത്തിൽ സമ്പൂർണ്ണ ശുചിത്വ പദ്ധതി കേരളത്തിലാകെ വ്യാപിപ്പിക്കാൻ ആരോഗ്യ വകുപ്പും മറ്റു പ്രധാനപ്പെട്ട വകുപ്പുകളും കൂടി ചേർന്നുകൊണ്ട് ഒരു പരിശ്രമം നടത്തിയാൽ ഇതിനെ ഒരു പരിധിവരെ ചെറുത്തുനിർത്താൻ കഴിയും. ഇതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് ഒക്ടോബർ മാസത്തിൽത്തന്നെ നേതൃത്വം കൊടുക്കാൻ ആരോഗ്യ വകുപ്പ് തയ്യാറാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനുംകൂടി ഇന്നലെ ചേർത്തല പി.എച്ച്.സി. സന്ദർശിച്ചു. പനി ബാധിച്ചവരുടെ അവസ്ഥ അത്യന്തം ഹൃദയഭേദകമാണ്. ഇവരുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് ചേർത്തല താലൂക്കിലെ പാവപ്പെട്ടവർക്ക് രണ്ടാഴ്ചക്കാലത്തേയ്ക്ക് സൗജന്യ റേഷൻ കൊടുക്കാൻ ഇന്നത്തെ ക്യാബിനറ്റിൽ തീരുമാനിക്കാമെന്നും അവർക്ക് സാമ്പത്തിക സഹായം കൊടുക്കുന്ന കാര്യം ക്യാബിനറ്റിൽ ചർച്ച ചെയ്യാമെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. അത്യന്തം മാരകമായ പകർച്ചപ്പനി ബാധിച്ച് നൂറ്

കണക്കിന് ആളുകൾ ആശുപത്രിയിൽ കഴിയുമ്പോൾ ഗവൺമെന്റുമായി യോജിച്ച് പ്രവർത്തിക്കുന്നതിനുപകരം ഈ വിഷയത്തെ രാഷ്ട്രീയവൽക്കരിക്കുന്നത് നിർഭാഗ്യകരമാണ്. ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നത് സംബന്ധിച്ച് നല്ല നിർദ്ദേശങ്ങൾ ആരുടെ ഭാഗത്തു നിന്ന് ഉണ്ടായാലും സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാണ്. പകർച്ചപ്പനി തടയുന്നതിന് എന്തൊക്കെ ചെയ്യാൻ കഴിയുമോ അതെല്ലാം ഗവൺമെന്റ് ചെയ്യുന്നതാണ്. ജനങ്ങളും വിവിധ ഡിപ്പാർട്ടുമെന്റുകളും യോജിച്ച് പ്രവർത്തിച്ചാൽ ഒരു പരിധിവരെ ജലജന്യ രോഗങ്ങൾ തടയുന്നതിന് കഴിയും. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**സബ്മിഷൻ**

(1) ചിറയിൻകീഴ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ചിറയിൻകീഴ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ബയോ കെമിസ്ട്രി ലാബും ഗൈനക് ഓപ്പറേഷൻ തിയേറ്ററും കോൾഡ് സ്റ്റോറേജോടുകൂടിയ മോർച്ചറിയും അത്യാവശ്യമായിരിക്കുകയാണ്. നിലവിലുള്ള മോർച്ചറി ആധുനികവൽക്കരിക്കണം. അവിടെ ഒഴിഞ്ഞുകിടക്കുന്ന 32 തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം. ഓപ്പറേഷൻ തിയേറ്ററിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് അടിയന്തിരമായി നഴ്സിംഗ് സ്റ്റാഫിനെ അനുവദിക്കാനുള്ള നടപടി ഉണ്ടാകണം. 30 ലക്ഷം രൂപ മുടക്കി ഒരു സ്വകാര്യ വ്യക്തി നിർമ്മിച്ചു കൊടുത്ത ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടത്തിൽ സ്കാനിംഗ്

മെഷീൻ ഉൾപ്പെടെ ആവശ്യമായ എല്ലാ ഉപകരണങ്ങളും ഉണ്ടെങ്കിലും ഡോക്ടർമാരും ടെക്നിക്കൽ സ്റ്റാഫും ഇല്ല. ആയതിനാൽ ആവശ്യമായ സ്റ്റാഫിനെ നൽകി ഈ റഫറൽ ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. പേ വാർഡ് നിർമ്മിക്കാൻ സർക്കാരിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് അവിടെയുള്ള സർവ്വീസ് ബാങ്ക് പേ വാർഡ് നിർമ്മിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അതിനുള്ള അനുമതി നൽകാൻ സർക്കാർ തയ്യാറാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):</u> പുരാതനമായ ആതുരാലയങ്ങളിൽ ഒന്നായ ചിറയിൻകീഴ് താലൂക്ക് ഹെഡ് ക്വാർട്ടേഴസ് ആശുപത്രിയിൽ 5 സിവിൽ സർജന്മാരും 12 അസിസ്റ്റന്റ് സർജന്മാരും ഉണ്ട്. 24 മണിക്കൂറും പൊതുജനങ്ങൾക്ക് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുണ്ട്. മൈനർ–മേജർ ശസ്ത്രക്രിയകളും ഇ.എൻ.ടി., ഓർത്തോ സർജറികളും നടത്തിവരുന്നുണ്ട്. ഗൈനക്കോളജി, ഇ.എൻ.ടി. തുടങ്ങിയവയുടെ ക്ലിനിക്കുകൾ കൂടാതെ നല്ല ലാബും പ്രവർത്തിക്കുന്നുണ്ട്. ഇത് റഫറൽ ആശുപത്രിയായതുകൊണ്ടും തൊട്ടടുത്ത് മറ്റാശുപത്രികൾ ഇല്ലാത്തതുകൊണ്ടും കുറച്ചുകൂടി അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട്. അവിടെ സർവ്വീസ് ബാങ്കിന്റെ നേതൃത്വത്തിൽ പേ വാർഡ് പണിയണമെന്ന നിർദ്ദേശം പരിഗണിച്ച് ഗവൺമെന്റ് ഭൂമിയിൽ കെട്ടിടം പണിയാനായി സർവ്വീസ് ബാങ്കിന് സ്ഥലം വിട്ടുകൊടുക്കാനുള്ള പ്രൊവിഷൻ ഉണ്ടെങ്കിൽ തീർച്ചയായും ചിറയിൻകീഴ് താലൂക്ക് ഹെഡ് ക്വാർട്ടേഴസ് ആശുപത്രിയുടെ കാര്യത്തിൽ അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(2) പരപ്പനങ്ങാടി റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ലാന്റ് അക്വിസിഷൻ നടപടികൾ ഉടനടി പൂർത്തിയാക്കി പരപ്പനങ്ങാടി റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): ഇതിന് ആവശ്യമായ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് 99 ലക്ഷം രൂപ ആവശ്യമാണ്. ഫണ്ട് എത്രയും പെട്ടെന്ന് നൽകി സ്ഥലം ലഭ്യമാക്കി പാലത്തിന്റെ പണി ടെൻഡർ ചെയ്യുന്നതാണ്.

(3) ആര്യനാട് മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. ജി. കാർത്തികേയൻ: ആര്യനാട് നിയോജകമണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതുകൊണ്ട് അതുവഴിയുള്ള യാത്ര വളരെ ബുദ്ധിമുട്ടിലാണ്. കെ.എസ്.ടി.പി. യുടേയും സെൻട്രൽ റോഡ് ഫണ്ടിന്റേയും കീഴിലുള്ള ഈ റോഡ് പണികൾ കഴിയുന്നതും വേഗം പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): 7 റോഡുകളുടെ പണി പൂർത്തിയായിക്കഴിഞ്ഞു. 3 റോഡുകളുടെ പണി പുരോഗതിയിലാണ്. ബാക്കിയുള്ളവ മഴക്കാലം കഴിഞ്ഞാലുടനെ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിനുവേണ്ട നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിക്കഴിഞ്ഞു.

(4) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ പുനരുദ്ധാരണം

ശ്രീ. എൻ അനിരുദ്ധൻ: 1976-ൽ ആരംഭിച്ച് പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുവന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ കെടുകാര്യ

സ്ഥതയും മിസ്മാനേജ്മെന്റുംകൊണ്ട് ഇന്ന് നഷ്ടത്തിലാണ്. അവിടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ല. അത് പുനരുദ്ധരിക്കുന്നതിനായി 25 കോടി രൂപയുടെ ഒരു പ്രോജക്ട് (എൻ.സി.ഡി.സി. 20 കോടി രൂപയും സർക്കാർ 5 കോടി രൂപയും) ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ സ്പിന്നിംഗ് മിൽ പുനരുദ്ധരിപ്പിച്ച് ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം):</u> കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ 1976 –ൽ രജിസ്റ്റർ ചെയ്ത് 1986–ൽ 25,000 തറികളോടുകൂടി പ്രവർത്തനം ആരംഭിച്ചുവെങ്കിലും കഴിഞ്ഞ കുറെ വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 31–3–2006 വരെയുള്ള സഞ്ചിത നഷ്ടം 2314.34 ലക്ഷം രൂപയും മാസംതോറുമുള്ള നഷ്ടം ഏകദേശം 30 ലക്ഷം രൂപയുമാണ്. കൊല്ലം ജില്ലാ സഹകരണ ബാങ്കിൽനിന്നുമെടുത്ത 250 ലക്ഷം രൂപയുടെ പ്രവർത്തന മൂലധനത്തിന് 1–1–2002 മുതൽ പലിശയിനത്തിൽ 218.89 ലക്ഷം രൂപ നല്കാനുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് ഈ മിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. 1415.32 ലക്ഷം രൂപയുടെ ബാദ്ധ്യത ഉടനെ തീർക്കേണ്ടതുണ്ടായിട്ടും ഈ മിൽ ലേ ഓഫ് ചെയ്യാതെ തൊഴിലാളികളുടെ സംരക്ഷണത്തിനായി പ്രതിദിനം ഒരു ലക്ഷം രൂപ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നു. 2003–ൽ മിൽ നവീകരിക്കുന്നതിനുവേണ്ടി 20.9 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയെങ്കിലും മുൻ സർക്കാർ ഗ്യാരന്റി നല്കാത്തതിനാൽ അത് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 22–8–2006–ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ

ചെയർമാൻ, പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, യൂണിയൻ പ്രതിനിധികൾ എന്നിവർ യോഗം ചേർന്ന് തീരുമാനിച്ചതനുസരിച്ച് സ്പിന്നിംഗ് മില്ലുകളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനും അടിയന്തിരമായി പരിഹാരം കാണുവാനും വേണ്ടി വിദഗ്ദ്ധ സമിതിക്ക് രൂപം നല്കിയിട്ടുണ്ട്. ഈ സമിതിയോട് കൊല്ലം സ്പിന്നിംഗ് മില്ലിന്റെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(5) <u>ഓമാനൂർ പി.എച്ച്.സി.- യിൽ കിടത്തി ചികിത്സാസൗകര്യം</u>

<u>ശ്രീ. പി.കെ അബ്ദുറബ്ബ്:</u> മഞ്ചേരി നിയോജകമണ്ഡലത്തിൽ ചീക്കോട് പഞ്ചായത്തിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന പാവപ്പെട്ട രോഗികളുടെ ഏക ആശ്രയകേന്ദ്രമായ ഓമാനൂർ പ്രൈമറി ഹെൽത്ത് സെന്ററിൽ 12-7-2006 മുതൽ കിടത്തി ചികിത്സാസൗകര്യം നിറുത്തലാക്കി യതിനാൽ 24 ബെഡ്ഡുകൾ ഉള്ള കെട്ടിടവും ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും താമസിക്കുവാനുള്ള ക്വാർട്ടേഴ്സും നശിച്ചുകൊണ്ടിരി ക്കുന്നു. ഈ സർക്കാരിന്റെ ഉത്തരവ് അനുസരിച്ചാണ് കിടത്തി ചികിത്സാ സൗകര്യം നിറുത്തലാക്കിയത്. അവിടെ രണ്ട് ഡോക്ടർമാരും മൂന്ന് നഴ്സുമാരും ഒരു നഴ്സിംഗ് അസിസ്റ്റന്റും ഉണ്ടെങ്കിലും അധികമായി ആവശ്യമുള്ള ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നല്കിവരുന്നുണ്ട്. എന്നാൽ ഇപ്പോൾ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്തിരുന്നവരെ പിൻവലിക്കുകയും അവിടത്തെ ഒരു ഡോക്ടർക്ക് മറ്റൊരു പി.എച്ച്.സി.-യുടെ അധിക ചുമതല നല്കുകയും ചെയ്തിരിക്കുന്നു. കൂടുതൽ സ്റ്റാഫിനെ ആവശ്യമുണ്ടെന്ന് മലപ്പുറം ഡി.എം.ഒ. നല്കിയ ലിസ്റ്റിൽ

ഈ പി.എച്ച്.സി.യും ഉൾപ്പെട്ടിട്ടുണ്ട്. ഡി.എം.ഒ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ ആവശ്യമായ സ്റ്റാഫിനെ സ്ഥിരമായി നിയമിക്കാനും നിയമന നടപടികൾ പൂർത്തിയാകുന്നതുവരെ വർക്കിംഗ് അറേഞ്ച്മെന്റിൽ സ്റ്റാഫിനെ നിയമിക്കാനും കിടത്തി ചികിത്സാസൗകര്യം പുനരാരംഭിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> മലപ്പുറം ജില്ലയിലെ ഓമാനൂർ പി.എച്ച്.സി.-യിൽ 24 കിടക്കകൾ അനുവദിച്ചിട്ടുണ്ടെങ്കിലും സ്റ്റാഫിന്റെ അപര്യാപ്തതമൂലം 12-7-2006 മുതൽ കിടത്തി ചികിത്സാ വിഭാഗം പ്രവർത്തിക്കുന്നില്ല. അതിന് മുമ്പ് അടുത്തുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരെക്കൂടി റീ-ഡിപ്ലോയ് ചെയ്താണ് കിടത്തി ചികിത്സാസൗകര്യം ലഭ്യമാക്കിയിരുന്നത്. ഒരു വിഭാഗം ഡോക്ടർമാരുടെ സമരംമൂലം സ്റ്റാഫിനെ റീ-ഡിപ്ലോയ് ചെയ്തപ്പോൾ ഡ്യൂട്ടി എടുക്കാൻ ആളില്ലാതെ വന്നതുകൊണ്ടാണ് ഈ വിഭാഗം നിലച്ചുപോയത്. ഈ ആശുപത്രിയിൽ 24 മണിക്കൂറും കിടത്തി ചികിത്സാസൗകര്യം ലഭ്യമാക്കണമെങ്കിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, ഒരു ആശുപത്രി അറ്റന്റർ എന്നീ തസ്തികകൾ കൂടി സൃഷ്ടിച്ച് നിയമനം നടത്തേണ്ടതുണ്ട്. സാമ്പത്തിക നില മെച്ചപ്പെടുന്ന തനുസരിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. താൽക്കാലികമായി മുമ്പ് ചെയ്തിരുന്നതു പോലെ റീ-ഡിപ്ലോയ്മെന്റിലൂടെ അധിക ജീവനക്കാരെ ലഭ്യമാക്കി പൊതുജനങ്ങൾക്ക് കിടത്തി ചികത്സാ സേവനം ലഭ്യമാക്കാൻ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

## (6) സ്വർണ്ണത്തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. സി.എഫ്. തോമസ്: സംസ്ഥാനത്ത് രണ്ടര ലക്ഷത്തോളം വരുന്ന സ്വർണ്ണത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും ഇന്ന് വളരെ ദയനീയാവസ്ഥയിലാണ്. ആഭരണങ്ങൾ മെഷീനിൽ ചെയ്ത് ഇറക്കുമതി ചെയ്യുന്നതുകൊണ്ട് ഈ വിഭാഗത്തിന് തൊഴിലവസരങ്ങൾ ലഭിക്കുന്നില്ല. അതുകൊണ്ട് സ്വർണ്ണത്തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സ്വർണ്ണം, വെള്ളി, ഗോൾഡ് കവറിംഗ് എന്നീ മേഖലകളിലെ തൊഴിലാളി കളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി കേരള ആഭരണത്തൊഴിലാളി ക്ഷേമ പദ്ധതി ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത മേഖലയിലെ തൊഴിലാളികളിൽ വലിയ വിഭാഗവും സ്വയം തൊഴിൽ കണ്ടെത്തി പണി ചെയ്യുന്നവരാണ്. ഈ മേഖലയിൽ തൊഴിലാളി–തൊഴിലുടമ ബന്ധമില്ലാത്തതിനാൽ ക്ഷേമനിധി വിജയകരമായി നടത്തുന്നതിനെ സംബന്ധിച്ച് മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്. തൊഴിലാളി–തൊഴിലുടമ ബന്ധമില്ലാത്തതുകൊണ്ട് അംശദായം സ്വീകരിക്കു വാനും സ്വയം തൊഴിൽ കണ്ടെത്തിയിട്ടുള്ള അംഗങ്ങളുടെ തൊഴിലുടമ വിഹിതം സ്വരൂപിക്കാനും കഴിയാത്ത സാഹചര്യത്തിൽ ആഭരണ വ്യാപാരികളിൽനിന്നും അവരുടെ വില്പനയുടെ നിശ്ചിത ശതമാനം സെസ്സ് ഏർപ്പെടുത്തുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. സ്വർണ്ണ ത്തൊഴിലാളി സംഘടനാ പ്രതിനിധികളെയും സ്വർണ്ണ വ്യാപാരികളേയും പ്രത്യേകം വിളിച്ചുകൂട്ടി ചർച്ച ചെയ്ത് കഴിയുന്നതുംവേഗം ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(7) <u>കാഞ്ഞിരപ്പള്ളിയിൽ നിർദ്ദിഷ്ട പോത്തിറച്ചി സംസ്ക്കരണ ഫാക്ടറി</u>

<u>ശ്രീ. ബി.ഡി. ദേവസ്സി:</u> കാഞ്ഞിരപ്പള്ളിയിൽ നിർദ്ദിഷ്ട പോത്തിറച്ചി സംസ്ക്കരണ ഫാക്ടറി ആരംഭിക്കുന്നതിന് 1975–ൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നീക്കമുണ്ടായെങ്കിലും ഇതുവരെ പ്രാവർത്തികമായിട്ടില്ല. 1987 മേയ് 4–ന് ഗവൺമെന്റ് 16.5 ഏക്കർ സ്ഥലം 12 ലക്ഷം രൂപയ്ക്ക് പൊന്നും വിലയ്ക്കെടുത്ത് കൂത്താട്ടുകുളത്ത് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്ക് കൈമാറിയിട്ടുണ്ട്. ഏകദേശം 500 പേർക്ക് പ്രത്യക്ഷമായും 1000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുള്ള ഈ ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിനും അവിടത്തെ ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനും നടപടിയുണ്ടാകണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ.സി.ദിവാകരൻ):</u> കാഞ്ഞിരപ്പള്ളിയിലെ നിർദ്ദിഷ്ട പോത്തിറച്ചി സംസ്ക്കരണ ഫാക്ടറിയിൽ പോത്തിറച്ചി സംസ്ക്കരിച്ച് കയറ്റുമതി ചെയ്യാനുള്ള പദ്ധതി പ്രകാരമാണ് പരിയാരം വില്ലേജിൽ 16.50 ഏക്കർ സ്ഥലം മീറ്റ് പ്രോഡക്ടസ് ഓഫ് ഇന്ത്യ വാങ്ങിയത്. സാങ്കേതിക കാരണങ്ങളാൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ പ്രസ്തുത സ്ഥലത്ത് വിദേശ വിപണി ലാക്കാക്കി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ 10.5 കോടി രൂപ ചെലവ് വരുന്ന മാംസ ഉല്പന്ന കേന്ദ്രം സ്ഥാപിക്കുവാനുള്ള നടപടികൾ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ആസൂത്രണം ചെയ്യുന്നുണ്ട്. ഈ സ്ഥാപനത്തിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമാക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കേരളത്തിലെ ഇതിന്റെ നോഡൽ ഏജൻസിയായി "ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് ഫുഡ് ഇൻഡസ്ട്രി ഇൻ

കേരള''യുടെ സഹായത്താൽ കഴിയുന്നതുംവേഗം പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് നല്കുന്നതാണ്. ഈ യൂണിറ്റിന് ആവശ്യമായ വിവിധതരം ഇറച്ചി കൂത്താട്ടുകുളം ഫാക്ടറിയിൽനിന്നും സ്ലാട്ടർ ചെയ്ത് എത്തിക്കുവാനാണ് പ്ലാൻ ചെയ്തിട്ടുള്ളത്. ഗുണമേന്മ ഉറപ്പുവരുത്തുവാനായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിലെ വെറ്ററിനറി ഡോക്ടർമാരുടെ വിദഗ്ദ്ധ മേൽനോട്ടത്തിൽ തെരഞ്ഞെടുത്ത കർഷകർ വളർത്തുന്ന മൃഗങ്ങളുടെ മാംസമാണ് ശേഖരിക്കുന്നത്. ഈ പദ്ധതി നടപ്പി ലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചുവരികയാണ്.

(8) <u>പ്രൊഫഷണൽ കോഴ്സിൽ ജനറൽ മെറിറ്റിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന ഫീസ്</u>

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> പ്രൊഫഷണൽ കോഴ്സിന് സർക്കാർ നിയന്ത്രിത കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് ഈ വർഷം ഗവൺമെന്റ് ഫീസ് കൊടുത്താൽ മതിയെന്നാണ് ഗവൺമെന്റ് അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണ ത്തിലുള്ള കോളേജുകളിൽ ഉയർന്ന ഫീസ്സാണ് ഇപ്പോൾ ഈടാക്കിക്കൊണ്ടി രിക്കുന്നത്. മെറിറ്റ് സീറ്റിൽ ഗവൺമെന്റ് ഫീസേ ഈടാക്കുകയുള്ളു എന്നുള്ളതുകൊണ്ട് ധാരാളം കുട്ടികൾ സർക്കാർ നിയന്ത്രിത കോളേജിൽ ഹയർ ഓപ്ഷൻ കൊടുത്തിട്ടുണ്ട്. ഓപ്ഷൻ നല്കുന്ന ഡേറ്റ് 19-ാം തീയതിയോടുകൂടി അവസാനിച്ചു. സർക്കാർ കോളേജിൽ 12,250 രൂപയും സർക്കാർ നിയന്ത്രിത കോളേജിൽ 2,13,000 രൂപയും സ്വകാര്യ കോളേജിൽ 12,250 രൂപയും ആണ് ഫീസ്; ഇത് അനീതിയാണ്. അടിയന്തിരമായി ഈ അലോട്ട്മെന്റ് പൂർത്തിയാകുന്നതിനുമുമ്പ് സർക്കാർ നിയന്ത്രണത്തിലുള്ള കോളേജുകളിൽ മെറിറ്റ് സീറ്റിൽ ഗവൺമെന്റ് ഫീസ് ഉറപ്പുവരുത്തണം.

മുമ്പുള്ള അലോട്ട്മെന്റ് രീതി മാറിയതിനാൽ വീണ എന്ന പെൺകുട്ടിക്ക് എഞ്ചിനീയറിംഗിന് അഡ്മിഷൻ കിട്ടാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. എഞ്ചിനീയറിംഗ് കോളേജുകളിൽ ധാരാളം സീറ്റുകൾ വേക്കന്റാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ റീ-ഓപ്ഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭിക്കുന്നില്ല എന്നുള്ളതാണ് ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നം. 2006-ലെ ആക്ട് പൂർണ്ണമായി നടപ്പാക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ പ്രശ്നം ഉണ്ടാകുമായിരുന്നില്ല. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നിയന്ത്രണത്തിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ 2006-ലെ നിയമവും അല്ലാതുള്ള കോളേജുകളിൽ 2004-ലെ പദ്ധതി അനുസരിച്ചുള്ള അലോട്ട്മെന്റും ഫീസ് ഘടനയുമാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മെഡിക്കൽ കോളേജുകളിലും ദന്തൽ കോളേജുകളിലും സുപ്രീംകോടതി വിധിക്കുശേഷം ഗവൺമെന്റ് മനേജുമെന്റുകളുമായി നടത്തിയ ചർച്ചയെത്തുടർന്ന് താങ്ങാവുന്ന ഫീസിൽ പഠിപ്പിക്കാവുന്ന ക്രമീകരണം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ 2006 -ലെ ആക്ട് നിലവിൽ വരുമ്പോൾ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ സംവരണാടിസ്ഥാനത്തിൽ സീറ്റുുകൾ ഫിൽ ചെയ്യപ്പെടുന്നതാണ്. മെറിറ്റിൽ പ്രവേശനം ലഭിക്കുന്നവർക്ക് ഫീസ് ആനുകൂല്യം ലഭിക്കുന്നില്ല എന്നുള്ള വാദം ശരിയല്ല. 50 ശതമാനം സീറ്റിനാണ് ഗവൺമെന്റ് ഫീസ്. ഓൺ ലൈൻ രജിസ്ട്രേഷൻ അനുസരിച്ച് ഓപ്ഷൻ കൃത്യസമയത്ത് മുൻഗണനാ

ക്രമത്തിൽ രേഖപ്പെടുത്താൻ കഴിയാതെ പോയതുകൊണ്ടാണ് വീണ എന്ന വിദ്യാർത്ഥിനിക്ക് എഞ്ചിനീയറിംഗിന് പ്രവേശനം ലഭിക്കാത്തത്. വികേന്ദ്രീകൃതമായി എല്ലാ ജില്ലകളിലും കൗൺസിലിംഗ് സംവിധാനമുണ്ടായിരുന്നു. അത് ശരിയായി മനസ്സിലാക്കാൻ കഴിയാതെ പോയതുകൊണ്ടാണ് ഈ ബുദ്ധിമുട്ടുണ്ടായത്. അത് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(9) <u>കണ്ണൂരിലെ വെസ്റ്റേൺ ഇന്ത്യ കോട്ടൺസ്</u>

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരിയിൽ ഏറ്റവും മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചിരുന്ന വെസ്റ്റേൺ ഇന്ത്യ കോട്ടൺസ് 2003 നവംബർ മാസം മുതൽ അടഞ്ഞുകിടക്കുകയാണ്. തൊഴിൽ തർക്കമോ തൊഴിലാളികൾ ആവശ്യങ്ങൾ ഉന്നയിക്കാതിരിക്കുകയോ ചെയ്ത സന്ദർഭത്തിലാണ് മാനേജ്മെന്റ് ഏകപക്ഷീയമായി ഈ സ്ഥാപനം അടച്ചുപൂട്ടിയത്. 400-ൽ അധികം തൊഴിലാളികൾ ഇവിടെ ജോലി ചെയ്തിരുന്നു. ഈ സ്ഥാപനം പൂട്ടിയ സമയത്തുള്ള ഒരു മാസത്തെ ശമ്പളവും ആ വർഷത്തെ ബോണസും തൊഴിലാളികൾക്ക് കൊടുക്കാനുണ്ട്. എന്നിട്ടും അന്നത്തെ ഗവൺമെന്റ് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതീവ ഗുരുതരമായ ഈ പ്രശ്നത്തിൽ ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് 400 -ലധികം വരുന്ന തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> വെസ്റ്റേൺ ഇന്ത്യ കോട്ടൺസ് 2003 നവംബർ മാസം മുതൽ മാനേജ്മെന്റ് നിയമ വിരുദ്ധമായി അടച്ചുപൂട്ടുകയുണ്ടായി. 432 തൊഴിലാളികൾ അവിടെ പണിയെടുത്തിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലേബർ

ഡിപ്പാർട്ട്മെന്റ് ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടെന്നാണ് രേഖയിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ ഗവൺമെന്റ് ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരെ വിളിച്ച് ചർച്ച നടത്തി ഒരു ധാരണയിലെത്തിയിട്ടുണ്ട്. അത് പ്രാവർത്തികമാക്കുന്നതിന് ചില കടമ്പകൾ കടക്കേണ്ടതുണ്ട്. എത്രയും പെട്ടെന്ന് ഇതിന് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

(10) <u>പഞ്ചായത്ത് വകുപ്പിലെ അന്യായ സ്ഥലംമാറ്റം</u>

<u>ശ്രീ. കെ.സി. ജോസഫ്:</u> പഞ്ചായത്ത് വകുപ്പിൽ 25–9–2006–ലെ ഉത്തരവ് പ്രകാരം 719–ഓളം ജീവനക്കാരെ ഒരു മാനദണ്ഡവുമില്ലാതെ രാഷ്ട്രീയമായ താൽപര്യം വച്ച് കൂട്ടമായി സ്ഥലം മാറ്റിയിരിക്കുകയാണ്. പഞ്ചായത്തിന്റെ പ്രവർത്തനംപോലും തകരാറിലാക്കുന്ന രീതിയിലുള്ള ഈ ട്രാൻസ്ഫറിനെക്കുറിച്ച് അന്വേഷിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):</u> ഈ സർക്കാർ അധികാരത്തിൽവന്നത് മേയ് മാസത്തിലായതുകൊണ്ട് ഏപ്രിൽ–മേയ് മാസങ്ങളിലെ പൊതുസ്ഥലംമാറ്റം നടന്നില്ല. നിലവിലുള്ള ഒഴിവുകൾ സ്ഥലംമാറ്റം മുഖേന നികത്താനും അവശേഷിക്കുന്നതിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്താനും സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകി കുറെ ഒഴിവുകൾ നികത്തിക്കഴിഞ്ഞു. 118 യു.ഡി. ക്ലാർക്കുമാരെ ഹെഡ് ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നൽകുകയും ആ ഒഴിവുകളിലേയ്ക്ക് യു.ഡി.ക്ലാർക്കുമാരെ സ്ഥലംമാറ്റംവഴി നിയമിക്കുകയും ചെയ്തു. 220 എൽ.ഡി. ക്ലാർക്കുമാർക്ക് യു.ഡി. ക്ലാർക്കുമാരായിട്ട് പ്രൊമോഷൻ നൽകിയിട്ടുണ്ട്. ഇതോടൊപ്പം സ്ഥലം മാറ്റത്തിനുള്ള അപേക്ഷകളും പരിഗണിച്ചിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിൽ അന്യായമായി സ്ഥലംമാറ്റം

ചെയ്യപ്പെട്ടവർക്ക് നീതി ലഭിക്കേണ്ടതുണ്ടായിരുന്നു. അതിന്റെ തുടർച്ചയായി വിവിധ ജില്ലകളിൽ ഒഴിവ് വന്നിട്ടുള്ള 220 എൽ.ഡി. ക്ളാർക്ക് തസ്തികയിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഏതെങ്കിലും ജീവനക്കാരോട് അനീതി കാണിച്ചുവെന്ന് ബോദ്ധ്യപ്പെട്ടാൽ തിരുത്താൻ തയ്യാറാണ്.

## (11) ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ

ശ്രീ. ടി. എൻ. പ്രതാപൻ: സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ള ധീവര സമുദായമുൾപ്പെടെയുള്ള 23 ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഫീസാനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും പുനരാരംഭിക്കുന്നതിനും അവർക്ക് ലഭിക്കേണ്ട കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. കൂടാതെ ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള എറണാകുളം മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ 2004-ൽ പ്രവേശനം ലഭിച്ച ഒ.ഇ.സി. വിദ്യാർത്ഥിയെ ഫീസ് കൊടുത്തില്ലെങ്കിൽ ക്ളാസ്സിൽ കയറ്റില്ല എന്നുപറഞ്ഞ നടപടിയെക്കുറിച്ചും അന്വേഷിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): 2006-ലെ സ്വാശ്രയ നിയമത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം ഉറപ്പുനൽകിയിരുന്നു. ഒ.ഇ.സി. വിഭാഗത്തിന് ഇക്കാര്യത്തിലുണ്ടായ പോരായ്മ സെപ്റ്റംബർ 15-ാം തീയതിയിലെ ഉത്തരവുപ്രകാരം തിരുത്തിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ 2004-ൽ ചേർന്നവരുടെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നത് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ലഭിക്കാനുള്ള 30 കോടി രൂപയുടെ കുടിശ്ശികയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാരുടെ സഹകരണത്തോടുകൂടി പരിഹാരം കണ്ടെത്തുന്നതാണ്.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ): ഏതാണ്ട് 40 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരുന്നതിൽ 20 കോടി രൂപ കൊടുത്തുതീർത്തു; ബാക്കി തുകയും കൊടുത്തുതീർക്കും. എസ്.സി/ബി.സി.യിൽ പ്രവേശനം ലഭിച്ചവരിൽ ഒ.ഇ.സി.ക്കാർക്ക് റിസർവേഷൻ ഉണ്ടായിരുന്നില്ല. സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കസമുദായ ലിസ്റ്റിൽനിന്നും പ്രവേശനം ലഭിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് കൂടി വിദ്യാഭ്യാസാനുകൂല്യം ലഭിക്കണമെന്നകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അവർക്കു കൂടി റിസർവേഷൻ കൊടുക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ ഒ.ഇ.സി. വിദ്യാർത്ഥികൾക്കും എല്ലാ ആനുകൂല്യങ്ങളും ലഭിക്കും.

(12) സർക്കാർ പ്ളസ് ടു സ്കൂളുകളിൽ നടത്തിവരുന്ന അൺഎയ്ഡഡ് ബാച്ചുകൾ

ശ്രീ. വി. എസ്. സുനിൽകുമാർ: സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ അൺ എയ്ഡഡ് ബാച്ചുകളിൽ പഠിക്കുന്ന പാവപ്പെട്ട എല്ലാ കുട്ടികൾക്കും ഫീസ് സൗജന്യം നൽകുകയും നിലവിലുള്ള 60 ബാച്ചുകൾ റെഗുലറാക്കി മാറ്റുകയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): അധ്യാപക-രക്ഷാകർത്തൃ സമിതികളുടേയും അവിടത്തെ ജനപ്രതിനിധികളുടേയും അഭ്യർത്ഥന മാനിച്ച് ഗവണ്മെന്റിന് അധികഭാരം ഉണ്ടാക്കുകയില്ല എന്ന ഉറപ്പിന്മേലാണ് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളു

കളിൽ മുൻ ഗവണ്മെന്റ് അധിക ബാച്ചുകൾ അനുവദിച്ചത്. ഇത്തരം 60 സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള ബാച്ചുകൾ അധിക സാമ്പത്തിക ബാധ്യത ഏറ്റെടുത്ത് റെഗുലറാക്കുക എന്നത് തൽക്കാലം ഗവണ്മെന്റിന്റെ പരിഗണനയിലില്ല. യാതൊരു സാധ്യതാപഠനവും നടത്താതെ ഒരുപാട് കോഴ്സുകൾ ആരംഭിക്കുകയും അപ്ഗ്രഡേഷൻ നടത്തുകയും സ്കൂളുകൾ ആരംഭിക്കുകയുമൊക്കെ മുമ്പ് ചെയ്തിട്ടുണ്ട്. ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പാലിച്ചുമാത്രമേ പുതിയ കോഴ്സുകളോ അപ്ഗ്രഡേഷനോ നടത്തുകയുള്ളു എന്നതാണ് ഈ ഗവണ്മെന്റിന്റെ നയം. ഇതിനായി ജനറൽ എജ്യൂക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ആ സമിതിയുടെ റിപ്പോർട്ടിനെ ആസ്പദമാക്കി മാത്രമേ മേലിൽ ഇതുപോലുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുകയുള്ളൂ.

(13) മൂന്നാറിലെ കെ.ഡി.എച്ച്.പി. കമ്പനി

ശ്രീ. എസ്. രാജേന്ദ്രൻ: ഗവണ്മെന്റ് പ്രഖ്യാപിച്ച മിനിമം വേജസ് നടപ്പിലാക്കുന്നതടക്കമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് മാനേജുമെന്റും തൊഴിലാളികളും തമ്മിലുള്ള പ്രശ്നത്തെത്തുടർന്ന് മൂന്നാറിലെ കെ.ഡി.എച്ച്.പി. കമ്പനിയിലെ തൊഴിലാളികൾ സമരത്തിലായതിനാൽ കമ്പനി ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. സർക്കാർ ഇടപെട്ട് പ്രശ്നം പരിഹരിക്കാനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി. കെ. ഗുരുദാസൻ): മൂന്നാറിലെ കണ്ണൻ ദേവൻ ഹിൽസ് പ്ളാന്റേഷനിലെ മൂന്ന് തോട്ടങ്ങളാണ് കഴിഞ്ഞ ദിവസം തൊഴിലുടമ ലോക്കൗട്ട് ചെയ്തിരിക്കുന്നത്. ഗവണ്മെന്റ്

പ്രഖ്യാപിച്ച മിനിമം വേജസ് നടപ്പിലാക്കുന്നതടക്കമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് മാനേജുമെന്റും തൊഴിലാളികളും തമ്മിലുള്ള തർക്കത്തെത്തുടർന്ന് തൊഴിലാളികൾ സമരം ആരംഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഒരു മുന്നറിയിപ്പുമില്ലാതെ കമ്പനി അടച്ചുപൂട്ടിയത്. ഇതുസംബന്ധിച്ച് ഇടുക്കി ജില്ലാ ലേബർ ഓഫീസർ ഇന്നലെ വിളിച്ചുചേർത്ത കോൺഫറൻസ് ഫലപ്രദമായില്ല. അഡീഷണൽ ലേബർ കമ്മീഷണർ ഇന്ന് എറണാകുളത്ത് കോൺഫറൻസ് വിളിച്ചിട്ടുണ്ട്. അതിലും ഈ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഉടൻതന്നെ ബന്ധപ്പെട്ട മന്ത്രിയെന്നുള്ളനിലയിൽ മുൻകൈയെടുത്ത് ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (14) <u>നെല്ല് സംഭരണം</u>

<u>ശ്രീ. തോമസ് ചാണ്ടി</u>: കുട്ടനാട്ടിൽ കൊയ്ത്തു തുടങ്ങി ഒരു മാസമായിട്ടും നെല്ല് സംഭരണം നടക്കാത്ത സാഹചര്യമാണ്. നെല്ലിന് 850 രൂപ തറവില പ്രഖ്യാപിച്ചുകൊണ്ട് ഗവണ്മെന്റ് സിവിൽ സപ്ളൈസ് കോർപ്പറേഷനെ സംഭരണമേൽപ്പിച്ചെങ്കിലും അവർ നെല്ല് സംഭരിക്കുന്നില്ല. കൃഷിക്കാരെ സമരത്തിലേയ്ക്ക് തള്ളിവിടാതെ മില്ലുകാരുമായുള്ള പ്രശ്നം തീർക്കുന്നതിന് ഗവണ്മെന്റ് മുൻകൈയെടുത്ത് നെല്ല് സംഭരണത്തിനുള്ള നടപടി സ്വീകരിക്കണം.

(ഈ വിഷയം സംബന്ധിച്ച് ശ്രീ.എം.ചന്ദ്രനും, ശ്രീ.സി.കെ.പി. പത്മനാഭനും നോട്ടീസ് നൽകിയിട്ടുണ്ട്)

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> നെൽക്കൃഷിക്കാരെ സഹായിക്കുന്നതിനായി കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് നേരിട്ട് സംഭരിക്കുന്നതിന് നെല്ല്

സംഭരണ–സംസ്ക്കരണ വിപണന പദ്ധതിയുടെ ചുമതല സപ്ളൈകോയെ ഏൽപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. കേരളത്തിലെ കൃഷിക്കാരുടെ നെല്ല് തിരിച്ചറിയുന്നതിന് കർഷകർക്കുള്ള രജിസ്ട്രേഷൻ ആവശ്യമാണെന്ന് കണ്ട് അതിനുള്ള നടപടികൾ സ്വീകരിച്ചതനുസരിച്ച് 20,000 കർഷകർ സപ്ളൈകോയ്ക്ക് നെല്ല് കൊടുക്കാനുള്ള രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. കുറ്റമറ്റരീതിയിൽ നെല്ല് സംസ്ക്കരണ വിപണന പദ്ധതി നടപ്പിലാക്കുന്നതിന് ഒരു പ്രത്യേക സോഫ്ട് വെയർ സപ്ളൈകോ, പാഡികോ എന്നിവർ ചേർന്ന് തയ്യാറാക്കി നടപ്പാക്കുന്നുണ്ട്. കൂടാതെ, സപ്ളൈകോ, ഫുഡ് ആന്റ് സിവിൽ സപ്ളൈസ്, എഫ്.സി.ഐ, കൃഷി വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സ്പെഷ്യൽ സ്ക്വാഡിനേയും രൂപീകരിച്ചിട്ടുണ്ട്. വിജിലൻസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ പോലീസ് സൂപ്രണ്ടിനെ വിജിലൻസ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. പാലക്കാട്, ആലപ്പുഴ എന്നീ ജില്ലകളിൽ നെൽകൃഷി വ്യാപകമായ ഓരോ താലൂക്കിനേയും ഓരോ സംഭരണ സോണായി തിരിച്ച് ഓരോന്നിലും പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. കൂടാതെ ഇവർക്കു കീഴിൽ പ്രൊക്യുവർമെന്റ് അസിസ്റ്റന്റുമാരെയും പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. നിശ്ചിത ഗുണനിലവാരമുള്ള നെല്ല് 16.9.2006 മുതൽ സംഭരിച്ചുതുടങ്ങി. ഓരോ താലൂക്കിലും നെല്ല് സംഭരണം ആരംഭിക്കുന്നതിന് ഷെഡ്യൂൾ തയ്യാറാക്കി നടപ്പാക്കിവരുന്നു. കേന്ദ്ര ഗവണ്മെന്റ് നിഷ്ക്കർഷിച്ചിട്ടുള്ള ജലാംശതോതിൽ ഉൽപ്പാദിപ്പിക്കാത്ത നെല്ലിന്റെ ഗുണനിലവാരവും അളവും കുറയുമെന്നതിനാൽ അത്തരം നെല്ല് റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ ഫുഡ് കോർപ്പറേഷൻ അനുവദിക്കുന്നതല്ല. അതിനാൽ ഗുണനിലവാര ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച നെല്ല്

മാത്രമേ സിവിൽ സപ്ളൈസ് കോർപ്പറേഷൻ എടുക്കുകയുള്ളു. കഴിഞ്ഞ ദിവസങ്ങളിൽ വ്യാപകമായി പെയ്ത മഴമൂലം കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ജലാംശത്തിലുള്ള നെല്ല് ലഭ്യമാക്കുന്നതിന് കൃഷിക്കാർക്ക് കഴിഞ്ഞിട്ടില്ല നിശ്ചിത നിലവാരത്തിലുള്ള നെല്ല് കൃഷിക്കാർ ലഭ്യമാക്കുന്ന മുറയ്ക്ക് പൂർണ്ണതോതിലുള്ള സംഭരണം നടത്താൻ സാധിക്കും. സംഭരിച്ച നെല്ലിന്റെ വില കൃഷിക്കാർക്ക് പത്ത് ദിവസത്തിനകം നൽകുന്നതിന് പാലക്കാട്ടും മങ്കൊമ്പിലും താൽക്കാലിക ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. സ്വന്തമായി ആർക്കും അരി മിൽ ഇല്ലാത്തതുകൊണ്ട് സംഭരിച്ച നെല്ല് അരിയാക്കി മാറ്റുന്നതിന് മോഡേൺ റൈസ് മില്ലുകളിൽനിന്നും ഓപ്പൺ ടെന്ററുകൾ ക്ഷണിക്കുകയും സ്വകാര്യ മേഖലയുൾപ്പെടെയുള്ള അരി മില്ലുകളുമായി നെല്ല്കുത്ത് കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. നിലവാരമുള്ള നാടൻ കുത്തരി വിതരണം ചെയ്യുന്നതിനും ഗുണമേന്മ പരീക്ഷിക്കുന്നതിനും നെല്ല് സംസ്ക്കരണ കരാറിൽ ഏർപ്പെട്ട എല്ലാ മില്ലുകളുടെയും പരിശീലന പരിപാടി നടത്തുന്നുണ്ട്. കൂടാതെ കേരളത്തിലെ റൈസ് വെറൈറ്റി, 'എ' ഗ്രേഡ് ആക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിവേദനം നൽകിയിട്ടുണ്ട്. പാലക്കാട്, ആലപ്പുഴ എന്നിവിടങ്ങളിലെ വിവിധ താലൂക്കുകളിൽനിന്നും 8424 ക്വിന്റൽ നെല്ല് ഇതുവരെ സംഭരിച്ചിട്ടുണ്ട്. നെല്ല് സംസ്ക്കരണ ശേഷിയുള്ള സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് നെല്ല് സംഭരിക്കുന്നത്.

(15) <u>കോഴിക്കോട്ടെ തിരുവണ്ണൂർ കോട്ടൺ മിൽ</u>

<u>ശ്രീ. പി.എം.എ. സലാം</u>: യു.ഡി.എഫ്. ഗവണ്മെന്റിന്റെ വികലമായ വ്യവസായ നയംമൂലം കോഴിക്കോട് പ്രവർത്തിച്ചിരുന്ന തിരുവണ്ണൂർ കോട്ടൺ മിൽ അടച്ചുപൂട്ടിയതിനാൽ നാന്നൂറോളം തൊഴിലാളികളും അവരെ

ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങളും ദാരിദ്ര്യത്തിലും പട്ടിണിയിലുമായിരിക്കുന്നു. ഒരു പ്രദേശത്തിന്റെ വികസനത്തേയും കേരളത്തിന്റെ സമ്പുഷ്ടിയേയും ബാധിക്കുന്ന പ്രശ്നമായതിനാൽ കോട്ടൺ മിൽ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ഗവണ്മെന്റ് നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): യു.ഡി.എഫ്. ഗവണ്മെന്റിന്റെ ഉത്തരവനുസരിച്ചാണ് കേരള ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ അടച്ചുപൂട്ടിയത്. 29.8.2006-ലെ ഗവണ്മെന്റ് ഉത്തരവനുസരിച്ച് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2006 നവംബർ ആദ്യ ആഴ്ചയിൽ മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. മില്ലിന്റെ ലാഭകരമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ള 12.91 കോടി രൂപ ചെലവു വരുന്ന ഒരു പദ്ധതി ഗവണ്മെന്റിന്റെ സജീവ പരിഗണനയിലാണ്.

(16) ചിക്കുൻ ഗുനിയ ബാധിച്ച് മരിച്ചവർക്കുള്ള സഹായം

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ചിക്കുൻ ഗുനിയ ബാധിച്ച് ആരും മരിച്ചിട്ടില്ല എന്ന ആരോഗ്യ വകുപ്പിന്റെ കണ്ടെത്തൽ തെറ്റാണെന്നും ചിക്കുൻ ഗുനിയ ബാധിച്ചാണ് 40 പേർ മരിച്ചതെന്നും 27-9-06-ന് ആ പ്രദേശം സന്ദർശിച്ചപ്പോൾ മുഖ്യമന്ത്രിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആശുപത്രിയിൽ ചികിൽസയ്ക്കുള്ള അപര്യാപ്തത പരിഹരിക്കാനും രോഗികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താനും രോഗം ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകാനും തയ്യാറാകണം

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇന്നലെ ഞാൻ ആലപ്പുഴ മെഡിക്കൽ കോളേജ്, ചേർത്തല താലൂക്ക് ആശുപത്രി, മുഹമ്മ, വയലാർ

പി.എച്ച്. സെന്ററുകൾ എന്നിവിടങ്ങളിൽ കഴിയുന്ന ചിക്കുൻ ഗുനിയ ബാധിച്ച രോഗികളെ സന്ദർശിക്കുകയുണ്ടായി. മൂവായിരത്തോളം ആളുകൾ വിവിധ സ്ഥാപനങ്ങളിലായി ഉണ്ടെന്നാണ് മനസ്സിലായത്. ഈ രോഗത്തോടനുബന്ധിച്ചുണ്ടാകുന്ന അസ്വസ്ഥതകളൊക്കെ നേരിട്ട് അറിയാൻ കഴിഞ്ഞു. ചിക്കുൻ ഗുനിയ ബാധിച്ചാൽ ആരും മരിക്കുകയില്ലെന്നാണ് ഡി.എം.ഒ.യുടെ അഭിപ്രായം. ചിക്കുൻ ഗുനിയ രോഗത്തിന്റെ സ്വാധീനം തന്നെയാണ് ഈ മരണങ്ങൾക്ക് പ്രധാന കാരണം. പ്രധാനപ്പെട്ട നിവാരണ മാർഗ്ഗങ്ങളിൽ ഒന്നായ ശുചീകരണത്തിന്റെ കാര്യത്തിൽ വളരെയേറെ അപര്യാപ്തതയുണ്ട്. ഡെങ്കിപ്പനി, ഫൈലേറിയ തുടങ്ങിയ രോഗങ്ങൾ ദുഷിച്ച വെള്ളത്തിൽ നിന്നാണ് ഉണ്ടാകുന്നത്. രോഗബാധിത പ്രദേശങ്ങൾ തുടർച്ചയായി ശുചീകരിക്കണമെന്ന് ജില്ലാ–ബ്ളോക്ക്–പഞ്ചായത്ത് പ്രതിനിധികൾ അടങ്ങിയ യോഗത്തിൽ അറിയിച്ചിട്ടുണ്ട്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ഉദ്യോഗസ്ഥർക്ക് എട്ട് മാസമായി ശമ്പളം നൽകാത്തതും രക്ത പരിശോധന നടത്തുന്ന സാങ്കേതിക വിദഗ്ദ്ധരുടെ ഒഴിവുകൾ നികത്താത്തതുമായ സാഹചര്യവും നിലവിലുള്ളതുകൊണ്ട് രോഗികൾക്ക് രക്തപരിശോധന നടത്താൻ കഴിയുന്നില്ല. ഡോക്ടർമാരുടേയും നഴ്സുമാരുടേയും കുറവുണ്ട്. ആശുപത്രികളിൽനിന്നും മരുന്നു നേരിട്ടുകൊടുക്കുന്നതിനുപുറമേ വെളിയിൽ നിന്ന് വാങ്ങുന്നതിനും ഡോക്ടർമാർ നിർദ്ദേശിക്കാറുണ്ടെങ്കിലും പലപ്പോഴും നിർദ്ധനരായ രോഗികൾക്ക് അതിന് കഴിയാറില്ല. ഇതിന് ഗവൺമെന്റ് 5 ലക്ഷം രൂപ നേരത്തെ അനുവദിച്ചതിനു പുറമേ 10 ലക്ഷം രൂപകൂടി അനുവദിച്ചതിൽ നിന്ന് രോഗികൾക്ക് മരുന്നുവാങ്ങാൻ ചെലവായ തുക നൽകണമെന്ന് ജില്ലാ കളക്ടറോടും അത് സംബന്ധിച്ച കണക്ക് ജില്ലാ കളക്ടർക്ക് സമർപ്പിക്കണമെന്ന് ഡോക്ടർമാരോടും നിർദ്ദേശിച്ചിട്ടുണ്ട്. സാങ്കേതിക

വിദഗ്ദ്ധരുടെ അഭാവം, ഉദ്യോഗസ്ഥർക്ക് നൽകേണ്ട ശമ്പള കുടിശ്ശിക, ഡോക്ടർമാരുടേയും നഴ്സുമാരുടേയും കുറവ് എന്നീ കാര്യങ്ങൾ നിലവിലുണ്ടെന്ന് ആശുപത്രി സന്ദർശിച്ചപ്പോൾ ബോധ്യമായി. ചിക്കുൻ ഗുനിയമൂലം മരിച്ച രോഗികളുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനെക്കുറിച്ചും രോഗികളെ പരിചരിക്കുന്നതുമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് രണ്ടാഴ്ചക്കാലത്തേയ്ക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനെക്കുറിച്ചും ഇന്ന് കൂടുന്ന ക്യാബിനറ്റിൽ ആലോചിക്കുന്നതാണ്. ഇത്തരം രോഗങ്ങൾ പടർന്നുപിടിക്കാതിരിക്കുന്നതിനുവേണ്ടി ഒരു പ്രധാന ഐറ്റമായി പഞ്ചായത്ത് മുനിസിപ്പാലിറ്റി കോർപ്പറേഷനുകളെ പങ്കെടുപ്പിച്ചുകൊണ്ട് കേരളപ്പിറവിയുടെ 50–ാം വാർഷികത്തോടനുബന്ധിച്ച് 50 ദിവസത്തെ ആഘോഷ പരിപാടി സംഘടിപ്പിക്കും. കൊതുകുകൾമൂലമുണ്ടാകുന്ന പലവിധ രോഗങ്ങൾ തടയുന്നതിന് ഭരണ–പ്രതിപക്ഷ വ്യത്യാസമില്ലാത്ത നിലപാടുകൾ സ്വീകരിക്കണം.

**ധനകാര്യം**

<u>2006–2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ.പാലോളി മുഹമ്മദ് കുട്ടി)</u>: താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ – XXII - നഗരവികസനം (138,00,67,000 രൂപ)

ധനാഭ്യർത്ഥന നമ്പർ – XXXV- പഞ്ചായത്ത് (129,60,01,000 രൂപ)

ധനാഭ്യർത്ഥന നമ്പർ – XXXVI- സാമൂഹ്യവികസനം (127,46,22,000 രൂപ)

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ – XV - പൊതുമരാമത്ത് (670,23,65,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥന യേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശ പ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ എം.എ. വാഹീദ്, ജി. കാർത്തികേയൻ, വി.ഡി. സതീശൻ, തേറമ്പിൽ രാമകൃഷ്ണൻ, എ.പി. അനിൽകുമാർ, ആര്യാടൻ മുഹമ്മദ്, കെ.ബാബു, ജോസഫ് എം. പുതുശ്ശേരി, പി.കെ.അബ്ദുറബ്ബ്, തോമസ് ചാണ്ടി, കെ.കെ. ഷാജു, സി.ടി. അഹമ്മദ് അലി, പി.സി. വിഷ്ണുനാഥ്, കെ.സി. വേണുഗോപാൽ, കെ. കുട്ടി അഹമ്മദ് കുട്ടി, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എം.എ. വാഹീദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പഞ്ചായത്ത് വകുപ്പിൽ അധികാരവികേന്ദ്രീകരണം ജനകീയാസൂത്രണം എന്ന പേരിൽ വീണ്ടും വരുകയാണ്. ജനകീയാസൂത്രണം നടപ്പിലാക്കിയപ്പോൾ ഉണ്ടായ ക്രമക്കേടുകളുടെ ഫലമായി നിരവധി ഉദ്യോഗസ്ഥരും പഞ്ചായത്ത്

മെമ്പർമാരും കോടതിയെ സമീപിച്ചുകൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപ യാതൊരു കണക്കും ദിശാബോധവുമില്ലാതെ ചെലവാക്കിയത് സംബന്ധിച്ച് നിയമസഭാ സമിതി കണ്ടെത്തിയിട്ടുണ്ട്. ഇതിനെക്കുറിച്ച് അന്വേഷണം നടത്തി യഥാർത്ഥ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടു വരണം. കഴിഞ്ഞ അഞ്ചുവർഷക്കാലം തദ്ദേശഭരണ മേഖലകളിൽ പ്രാദേശിക വികസന പ്രവർത്തനങ്ങൾ സുതാര്യമായി നടന്നിരുന്നു. അത് നിലനിർത്താൻ വകുപ്പുമന്ത്രി ശ്രമിക്കണം. യു.ഡി.എഫ്. ഗവണ്മെന്റ് നടത്തിയ ജനക്ഷേമ കരമായ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി യായിരുന്നപ്പോൾ പാവപ്പെട്ടവർക്ക് ചികിൽസാസഹായം കിട്ടുന്നതിനായി ആവിഷ്ക്കരിച്ച കുടുംബ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തകർക്കാൻ ശ്രമിക്കുന്നതിൽനിന്ന് ഈ ഗവണ്മെന്റ് പിൻതിരിയണം. 80 ശതമാനം സാമ്പത്തിക സഹായമുള്ള നബാർഡിന്റെ കീഴിൽ പെൻഡിംഗായി കിടക്കുന്ന വർക്കുകളുടെ പണികൾ ആരംഭിക്കുന്നതിനും സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടിയെടുക്കണം.

ശ്രീ.വി.ജെ.തങ്കപ്പൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് രൂപംകൊടുത്ത മഹത്തായ പ്രസ്ഥാനമായ ജനകീയാസൂത്രണ പ്രവർത്തനങ്ങളെ തകർക്കുന്നതിനുള്ള ശ്രമങ്ങളാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം യു.ഡി.എഫ്. ഗവണ്മെന്റ് നടത്തിയത്. ഇ.എം.എസ്. ഗവണ്മെന്റിന്റെ കാലത്ത് അദ്ദേഹം ചെയർമാനായ ഭരണപരിഷ്ക്കാര കമ്മിറ്റിയാണ് ആദ്യമായി പഞ്ചായത്ത് സംവിധാനം കൊണ്ടുവന്നത്. പ്രാദേശിക ഗവണ്മെന്റുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള ധനകാര്യ വകുപ്പുമന്ത്രിയും ഈ

പദ്ധതി പ്രാവർത്തികമാക്കിയ ശ്രീ. പാലോളി മുഹമ്മദ്കുട്ടിയും ചേർന്ന് ഈ അഞ്ചു വർഷക്കാലംകൊണ്ട് എല്ലാ മേഖലയിലും അടിസ്ഥാനപരമായ മാറ്റം ഉണ്ടാക്കിയെടുക്കാൻ പ്രവർത്തിക്കും. പ്രാദേശിക സ്വയംഭരണസ്ഥാപന ങ്ങൾക്ക് വേരോട്ടമുണ്ടാക്കാനുള്ള ശ്രമമായിരുന്നു ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റ് ചെയ്തത്. ഗ്രാമ പ്രദേശത്തുള്ള ജനങ്ങളിൽ രാഷ്ട്രീയബോധമുണ്ടാക്കിക്കൊണ്ട്, അവരുടെ ജീവിതത്തിൽ മാറ്റം വരുത്തി ഉദ്യോഗസ്ഥരെ ആശ്രയിക്കാതെ ജനങ്ങളിൽ വികസന പ്രവർത്തനങ്ങൾ ഏൽപ്പിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാന ത്തിലൂടെ വികസനം നടപ്പാക്കുകയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ചെയ്തത്. 1996–ൽ എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാര ത്തിലിരിക്കുമ്പോൾ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവന്ന ഡി.ആർ.ഡി.എ.–യും ജില്ലാകൗൺസിൽ സംവിധാനവും അതിനുശേഷം വന്ന യു.ഡി.എഫ്. ഗവണ്മെന്റ് എടുത്തുമാറ്റുകയാണ് ചെയ്തത്. ഈ ഗവണ്മെന്റ് വീണ്ടും ഡി.ആർ.ഡി.എ.–യെ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കൊണ്ടു വരാനുള്ള നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. 1996–2001 കാലത്ത് ഉദ്യോഗസ്ഥരെ പഞ്ചായത്തുകളിലേയ്ക്ക് പുനർവിന്യസിക്കാനായി എടുത്ത നടപടിക്രമങ്ങൾ നിർത്തൽ ചെയ്തത് യു.ഡി.എഫ്. ഗവണ്മെന്റാണ്. യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് സമയബന്ധിതമായി പുനർവിന്യാസം പൂർത്തിയാക്കണം. തദ്ദേശംഭരണ സ്ഥാപനങ്ങളിലെ അഴിമതിയും സ്വജനപക്ഷപാതവും തടയുന്നതിനുവേണ്ടി എൽ.ഡി.എഫ്. ഗവൺമെന്റ് രൂപീകരിച്ച ഓംബുഡ്സ്മാൻ സംവിധാനം വമ്പിച്ച സാമ്പത്തിക ബാധ്യതയാണെന്ന് പറഞ്ഞ് പിരിച്ചുവിട്ടത് യു.ഡി.എഫ്. ഗവണ്മെന്റാണ്. നിയമങ്ങളും ചട്ടങ്ങളും നിലനിർത്തിക്കൊണ്ട് ആ സംവിധാനം കുറേക്കൂടി

ഫലപ്രദമായി പുന:സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കണം. പഞ്ചായത്ത്രാജ് സംവിധാനത്തിന്റെ രണ്ടാം ഘട്ടം 11 വർഷം തികയുന്ന വേളയിൽ, വിവിധ മേഖലകളിലായി പതിനായിരത്തിൽപ്പരം കോടി രൂപ പഞ്ചായത്ത്രാജ് വഴി വിനിയോഗിക്കുകയും അതിൽ നാലായിരം കോടി രൂപ ഉൽപ്പാദനമേഖലയിൽ മാത്രം വിനിയോഗിക്കുകയും ചെയ്തത് ഫലപ്രദ മായിട്ടാണോ എന്നത് സംബന്ധിച്ച് പരിശോധിച്ച് പരിഹാരം കാണാനും പഞ്ചായത്ത്രാജ് സംവിധാനം സുസ്ഥിരമാക്കാനും നടപടികൾ സ്വീകരിക്കണം. കണക്കുകളെഴുതി സൂക്ഷിക്കുന്നതിൽ പഞ്ചായത്ത് ഭരണ സംവിധാനത്തെ പ്രാപ്തരാക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് ശ്രമം നടത്തിയിരുന്നുവെങ്കിൽ കഴിഞ്ഞ അഞ്ചു വർഷവും ആ കാര്യത്തിൽ പരാജയമാണുണ്ടായത്. വരുന്ന അഞ്ചു വർഷക്കാലംകൊണ്ട് പ്രാദേശികമായി തെരഞ്ഞെടുക്കപ്പെട്ടവരെ കണക്കുകളെഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ പ്രാപ്തരാക്കാനുള്ള ശ്രമവും അത് മോണിറ്റർ ചെയ്യാനുള്ള നടപടികളുമുണ്ടാകണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ് കൃത്യ സമയത്ത് മോണിറ്റർ ചെയ്യാനുള്ള ചുമതല ഗവൺമെന്റിനാണ്. ഗതാഗതത്തിര ക്കേറിയ തിരുവനന്തപുരം–നെയ്യാറ്റിൻകര എൻ.എച്ച്.47 റോഡിന്റെ വീതി കൂട്ടേണ്ടതാണ്. ഇതിനുവേണ്ടി മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ള 210 കോടി രൂപയുടെ പ്രോജക്ട് നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രണ്ട് പഞ്ചവത്സര പദ്ധതികളിലൂടെ കടന്നുവന്ന അധികാര വികേന്ദ്രീകരണ ത്തിന് ശ്രദ്ധേയമായ മുന്നേറ്റവും ഇന്ത്യയ്ക്കാകെ മാതൃകയും സൃഷ്ടിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിന്റെ

കാര്യത്തിൽ ഗുരുതരമായ വീഴ്ചകളുണ്ട്. പഞ്ചായത്ത് ഫണ്ടിന്റെ വിനിയോഗത്തെക്കുറിച്ച് തീരുമാനമെടുക്കേണ്ടത് പലപ്പോഴും അനൗദ്യോഗി കാംഗങ്ങളാണ്. ഇവർ ഇക്കാര്യത്തിൽ പ്രാവീണ്യം നേടിയവരായിരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് മതി; പെർഫോമൻസ് ഓഡിറ്റും എ.ജി.യുടെ ഓഡിറ്റും വേണ്ട. അധികാര വികേന്ദ്രീകരണം നടപ്പാക്കിയെങ്കിലും അധികാര കേന്ദ്രീകരണമാണ് ഇപ്പോഴും തുടരുന്നത്. ഫണ്ടുകൾ വിനിയോഗിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് പ്രസിഡന്റിന് ഇല്ലാത്ത അധികാരം ഉദ്യോഗസ്ഥർക്കുണ്ട്. സ്പിൽ ഓവർ വർക്കുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടു മാത്രമേ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് തയ്യാറാക്കാൻ കഴിയൂ. പഞ്ചായത്തിന് സ്വന്തമായി ഒരു എഞ്ചിനീയറിംഗ് വിംഗ് ഉണ്ടാകേണ്ടതാണ്. ടെക്നിക്കൽ കമ്മിറ്റിയിൽ റിട്ടയർ ചെയ്തവരെ യാണ് നിയോഗിച്ചിരിക്കുന്നത്. ജനപ്രതിനിധികൾക്ക് അവരുടെ മുന്നിൽ പോയി പ്രോജക്ട് അംഗീകരിക്കേണ്ടിവരുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം അടിയന്തിരമായി ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെ പദ്ധതി വിഹിതം കൈകാര്യം ചെയ്യുന്നതിന് അക്കൗണ്ടന്റിനെ നിയമിക്കാൻ തയ്യാറാകണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഇല്ലായ്മ ചെയ്ത തീരുമാനം പുന:പരിശോധിക്കണം. കുടുംബശ്രീ പദ്ധതിയിലൂടെ വനിതകളുടെ ശാക്തീകരണം സാധ്യമാക്കണം. പ്രൊഫഷണൽ വിദ്യാഭ്യാസം കച്ചവടമായി മാറുന്ന സാഹചര്യം കണക്കിലെടുത്ത് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. സംസ്ഥാനത്തിന്റെ പലഭാഗത്തും ഖരമാലിന്യങ്ങൾ കുമിഞ്ഞുകൂടി രോഗഭീഷണി പരത്തുന്നു. പൊതുവഴിയിൽ ഇത്തരം മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ

നടപടിയെടുക്കാൻ നിയമനിർമ്മാണം കൊണ്ടുവരണം. നിലവിലുള്ള നികുതിഘടന 5 വർഷത്തിലൊരിക്കൽ പുതുക്കണം. 240 കോടിരൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തിര നടപടിയുണ്ടാകണം. വിനോദസഞ്ചാര മേഖലയിൽ ഇടപെടാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കാൻ തയ്യാറാകണം. കാലഹരണപ്പെട്ട നഗരാസൂത്രണത്തിന്റെ സ്ഥിതി മാറ്റേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് ആവശ്യമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിപാടികളിൽ എം.എൽ.എ. മാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണം. സാധാരണ ജനങ്ങൾക്ക് വാഹനത്തിലൂടെ യാത്ര ചെയ്യാൻ സാധിക്കാത്തവിധം ശോച്യാവസ്ഥ യിലാണ് സംസ്ഥാനത്തെ റോഡുകൾ. വികസന രംഗത്ത് കേരളത്തെ മുന്നോട്ടുനയിക്കാൻ തക്ക നയങ്ങൾ ഈ സർക്കാരിനില്ല.

<u>ശ്രീ പി.എം.എ. സലാം:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.. കുത്തഴിഞ്ഞു കിടന്നിരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കാനും പ്രവർത്തനനിരതമാക്കാനും ചുരുങ്ങിയ നാളുകൾകൊണ്ട് ഈ ഗവൺ മെന്റിന് സാധിച്ചിട്ടുണ്ട്. യു.ഡി.എഫ്-ന്റെ ഭരണ കാലത്ത് കെട്ടിടനിർമ്മാണ മേഖലയിൽ റിയൽ എസ്റ്റേറ്റ് മാഫിയയുടെ ഭരണമായിരുന്നു നടന്നിരുന്നത്. പ്രധാന നഗരങ്ങളിലെ സർക്കാർ ഭൂമികളെ സ്വന്തക്കാർക്ക് പതിച്ചു നൽകിയ പ്രവർത്തനങ്ങളാണ് അന്ന് നടന്നത്. നഗരാസൂത്രണ ബോർഡിലെയും ഗ്രാമവികസന വകുപ്പിലെയും അഴിമതി നടത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റിന്റെ നാല് മാസക്കാലത്തെ ഭരണംകൊണ്ട് ചീഫ് ടൗൺ പ്ളാനറുടെ ഓഫീസിൽ നിലനിന്നിരുന്ന കൈക്കൂലി വ്യവസ്ഥ ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ട്. ഇന്ന് ചെറിയൊരു വീട്

നിർമ്മിക്കണമെങ്കിൽ പല കടമ്പകളും കടക്കണം. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി നിലവിലുള്ള വ്യവസ്ഥകൾ ലളിതമാക്കണം. കെട്ടിട നിർമ്മാണ ലൈസൻസ് നൽകുന്നതിലെ കാലതാമസം ഒഴിവാക്കണം. ജനകീയാസൂത്രണത്തിൽ ജനങ്ങൾക്കുള്ള പങ്ക് ബോധ്യപ്പെടത്തക്ക രീതിയിൽ അധികാരവികേന്ദ്രീകരണം താഴെത്തട്ടി ലേയ്ക്ക് എത്തിക്കണം. ജനങ്ങൾക്ക് വികസന പ്രക്രിയയിൽ പങ്കാളികളാകാനുള്ള സാഹചര്യം ഉണ്ടാക്കണം. ശ്രീ.വി.ജെ.തങ്കപ്പന്റെ നേതൃത്വത്തിലുള്ള ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കണം. കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയവും നാഷണൽ ഹൈവേ അതോറിറ്റിയും അനുവദിച്ച ഫണ്ടുപയോഗിച്ച് സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കണം. പ്രസ്തുത വർക്കുകളുടെ ഗുണനിലവാരം പരിശോധിക്കണം. ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടു ത്തണം. എട്ട് വർഷം മുൻപ് പൂർത്തിയാക്കിയ കോഴിക്കോട് നഗരത്തിലെ കോതിപ്പാലത്തിന് അപ്രോച്ച്റോഡ് നിർമ്മിക്കണം. കല്ലായി റെയിൽവേ ഗേറ്റ് അടയ്ക്കുമ്പോഴുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ അവിടെ ഒരു റെയിൽവേ മേൽപ്പാലം നിർമ്മിക്കണം.

ശ്രീ.കെ.രാജു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുൻ പ്രധാനമന്ത്രി രാജീവ്ഗാന്ധി ഭരണഘടനാഭേദഗതിയിലൂടെ കൊണ്ടുവന്ന അധികാരവികേന്ദ്രീകരണം കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർപോലും ഫലത്തിൽ നടപ്പാക്കാത്ത സന്ദർഭത്തിലാണ് ഏറ്റവും ഫലപ്രദമായി കേരളത്തിൽ അന്നത്തെ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയത്. എന്നാൽ തുടർന്നുവന്ന യു.ഡി.എഫ്. സർക്കാർ അധികാര വികേന്ദ്രീകരണത്തിലൂടെ താഴെത്തട്ടിലേയ്ക്ക് നൽകിയ അധികാരങ്ങളെ

തിരിച്ചുപിടിക്കുകയായിരുന്നു. എൽ.ഡി.എഫ്. വിജയകരമായി നടപ്പാക്കിയ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് അറിയാനും പഠിക്കാനും മറ്റു സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നുപോലും ധാരാളം ആളുകൾ കേരളത്തിൽ എത്തിയിരുന്നു. ജനകീയാസൂത്രണത്തിന്റെ ഭാഗമായ ഡി.പി.സി.കൾ യു.ഡി.എഫ്. ഭരണകാലത്ത് നോക്കുകുത്തികളായിരുന്നു. എം.എൽ.എ.മാരെ ഡി.പി.സി.കളിൽ ക്ഷണിക്കാറില്ലായിരുന്നു. ഡി.പി.സി. കളുടെ പ്രവർത്തനം ഫലപ്രദമാക്കി അധികാരവികേന്ദ്രീകരണവും ജനകീയാ സൂത്രണവും ശക്തമായി മുന്നോട്ടുകൊണ്ടുപോകണം. കൊല്ലത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഡി.ആർ.ഡി.എ. ഓഫീസ് കൊല്ലം ജില്ലാ പഞ്ചായത്ത് കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുവാൻ ഈ സർക്കാരിന് നാല് മാസത്തിനുള്ളിൽ സാധിച്ചു. പൊതുമരാമത്ത് വകുപ്പിൽ ടാർ വാങ്ങിയതിന് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശികയിൽ 20 കോടി രൂപയും കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശികയിൽ 134 കോടി രൂപയും ഈ ഗവൺമെന്റ് കൊടുത്തു. നാഷണൽ ഹൈവേകളി ലെയും സ്റ്റേറ്റ് ഹൈവേകളിലെയും അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവർത്ത നങ്ങളും ത്വരിതഗതിയിലാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ആയൂർ ജംഗ്ഷനിലെ റോഡുകളുടെ അറ്റകുറ്റപ്പണി അടിയന്തിരമായി ഏറ്റെടുക്കണം. കെ.എസ്.ടി.പി. വർക്കുകളിൽ കോൺട്രാക്ടർമാർ നടത്തുന്ന നിരുത്തരവാദ പരമായ പ്രവർത്തനങ്ങൾക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. സി. എഫ് തോമസ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റോഡുക ളുടെ നിർമ്മാണമാണ് സംസ്ഥാനത്തെ ഏറ്റവും വലിയ പ്രശ്നം. കേരളത്തിൽ വാഹനങ്ങളുടെ എണ്ണം കൂടുതലും റോഡുകളുടെ ദൈർഘ്യം കുറവുമാണ്. പുതിയ റോഡുകൾ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

അറ്റകുറ്റപ്പണികൾ മഴക്കാലത്തിനുമുൻപ് പൂർത്തീകരിക്കണം. ടാർ കമ്പനിക്ക് കൊടുക്കാനുള്ള പണം കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. ഇന്റർനാഷണൽ ഏജൻസികളിൽനിന്നും നബാർഡിൽനിന്നും കൂടുതൽ ധനസഹായം ലഭ്യമാക്കി നഗരപ്രദേശങ്ങളിൽ പുതിയ റോഡുകളും നിലവിലുള്ള റോഡുകളിൽ ബൈപ്പാസ് റോഡുകളും നിർമ്മിക്കണം. റോഡുകളുടെ ശോച്യാവസ്ഥ കാരണം അപകടങ്ങൾ കൂടുകയാണ്. ടെൻഡർ നടപടികൾ ലഘൂകരിക്കണം. എം.സി.റോഡിന്റെ പണി സമയബന്ധിതമായി തീർക്കാനുള്ള നടപടി സ്വീകരിക്കണം. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. നിലവിലുള്ള ടെക്നിക്കൽ കമ്മിറ്റിയെ ഒഴിവാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ എഞ്ചിനീയറിംഗ് സ്റ്റാഫിനെ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. കമ്മിറ്റികളുടെ എണ്ണം കുറച്ചും നടപടിക്രമങ്ങൾ ലഘൂകരിച്ചും അനുവദിക്കുന്ന പണം സമയപരിധിക്കുള്ളിൽ ചെലവഴിക്കാൻ ശ്രമിക്കണം. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് വീട് വയ്ക്കാൻ കൊടുക്കുന്ന തുക വർദ്ധിപ്പിക്കണം. അവർക്കുവേണ്ടി നീക്കിവയ്ക്കുന്ന തുക മുഴുവൻ ചെലവഴിക്കാതെ പോകുന്നുണ്ടോ എന്നുള്ളത് ശ്രദ്ധിക്കണം. ഉത്പാദന മേഖല, പശ്ചാത്തല മേഖല, സേവന മേഖല എന്നിവയ്ക്ക് പ്രദേശങ്ങളുടെ സ്വഭാവം കണക്കാക്കി ഫണ്ട് വിനിയോഗത്തിനുള്ള സ്വാതന്ത്ര്യം കൊടുക്കണം. ഉത്പാദന മേഖലയിൽ ലക്ഷ്യം നേടാൻ സാധിച്ചോ എന്നുള്ളത് പരിശോധിക്കണം. കാർഷിക-വ്യാവസായിക മേഖലകളിൽ കുറച്ചുകൂടി പുരോഗതി കൈവരിക്കാൻ സാധിക്കണം. കുടുംബശ്രീ, എസ്.ജി.എസ്.വൈ.യുടെ സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങൾക്ക് ലോക വിപണി കണ്ടെത്താനുള്ള ശ്രമം ത്വരിതപ്പെ

ടുത്തണം. തരിശായിക്കിടക്കുന്ന കൃഷിയിടങ്ങൾ പുരുഷ സ്വയം സഹായ സംഘങ്ങളെക്കൊണ്ട് ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ.പി. മോഹനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതുകാരണം പദ്ധതികൾ കൃത്യമായി പൂർത്തീകരിക്കാൻ സാധിച്ചില്ല. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യം കാർഷിക മേഖലയുടെ വികസനമാണ്. റൈറ്റ് ടു ഇൻഫർമേഷൻ ആക്ട് വന്നതോടുകൂടി എല്ലാം സുതാര്യമായി നടത്താനുള്ള സാഹചര്യമുണ്ടായിരിക്കുകയാണ്. ഗ്രാമസഭകൾ ഇപ്പോൾ ശക്തിപ്പെട്ടു വരുന്നു. തൊഴിലുറപ്പ് പദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുകയും അത് റോഡ് നിർമ്മാണത്തിന് മാത്രമാക്കാതെ കാർഷിക മേഖലയെക്കൂടി ഉൾപ്പെടുത്തുകയും വേണം. കുടിവെള്ള പദ്ധതിക്കുള്ള ഇലക്ട്രിസിറ്റി ചാർജ് അടയ്ക്കാൻ പഞ്ചായത്തുകൾക്ക് അനുമതി നൽകണം. ഡി.ആർ.ഡി.എ. നിർത്തലാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. അതിനുപകരം കൂടുതൽ വികസന ബ്ലോക്കുകൾ അനുവദിക്കണം. പാനൂർ കേന്ദ്രമാക്കി ഒരു വികസന ബ്ലോക്ക് രൂപീകരിക്കണം. കുന്നും മലയും ഇടിച്ച് നിരപ്പാക്കുന്നതിനെതിരെ നടപടിയെടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൊടുക്കണം. പി.ഡ്ളിയു.ഡി.യിൽ നടക്കുന്ന പാഴ്ച്ചെലവ് ഒഴിവാക്കണം. റോഡുവക്കിലെ പുറമ്പോക്കുകൾ കയ്യേറുന്നത് തടയാൻ നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ വകയിരുത്തുന്ന പണം പൂർണ്ണമായി വിനിയോഗിക്കണം. പെരിങ്ങളം മണ്ഡലത്തിലെ റോഡുകൾ നന്നാക്കാനുള്ള നടപടിയുണ്ടാകണം. തലശ്ശേരി-കൂർഗ് റോഡും തലശ്ശേരി-വളവുപാറ റോഡും വീതി കൂട്ടുന്നതിനുവേണ്ടി ലാന്റ് അക്വിസിഷൻ സർവ്വേ നടത്താനുള്ള നടപടി സ്വീകരിക്കണം. പെരിങ്ങളം നിയോജകമണ്ഡലത്തിലെ പെരുവങ്ങാട്-ചമ്പാട്

റോഡിൽ മാക്കുനി മുതൽ ചമ്പാട് വരെയുള്ള ഭാഗം നന്നാക്കുന്നതിനു വേണ്ടി അഡ്വാൻസ് പൊസഷൻ കൊടുക്കാൻ തയ്യാറുള്ളവരുടെ ഭൂമിയുടെ വില നിർണ്ണയിക്കാനുള്ള നടപടി സ്വീകരിക്കണം. പെരിങ്ങളം മണ്ഡല ത്തിലെ ഇൻസ്പെക്ഷൻ ബംഗ്ലാവിന് ചുറ്റുമതിലും അനക്സും പണിയാ നുള്ള നടപടി സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മെച്ചപ്പെട്ട റോഡും സുഗമമായി യാത്രചെയ്യാനുള്ള സൗകര്യങ്ങളും ലഭ്യമാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റിന് ആത്മാർത്ഥമായ സമീപന മാണുള്ളതെന്ന് ഇതുവരെയുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് വരുത്തിവച്ച സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കേരളത്തെ രക്ഷിക്കാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോവുകയാണ് കൊച്ചിൻ റിഫൈനറീസിന് ടാറിന്റെ വിലയായി കൊടുക്കാനുള്ള 100 കോടി രൂപയിൽ 20 കോടി രൂപ കൊടുത്തുതീർത്തു; ബാക്കി തുക എത്രയും പെട്ടെന്ന് കൊടുത്തുതീർത്ത് റോഡുകളുടെ നിർമ്മാണ പ്രവർത്തനം സുഗമമാക്കാനുള്ള നടപടി സ്വീകരിക്കണം. ശബരിമല സീസൺ തുടങ്ങുന്നതിനു മുൻപ് കേരളത്തിലെ മുഴുവൻ റോഡുകളും സഞ്ചാരയോഗ്യമാക്കാൻ കഴിയുന്ന നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. കരാറുകാർക്ക് കൊടുക്കാനുണ്ടാ യിരുന്ന കുടിശ്ശികയിൽ 134 കോടി രൂപ കൊടുത്തു. എം.സി. റോഡിന്റെ തിരുവനന്തപുരം മുതൽ കൊട്ടാരക്കരവരെയുള്ള ഭാഗം എത്രയും വേഗം ഗതാഗതയോഗ്യമാക്കണം. താറുമാറായി കിടക്കുന്ന കെ.എസ്.ടി.പി. റോഡുകൾ നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത് സ്വാഗതാർഹമാണ്. യു.ഡി.എഫ്. ഗവൺമെന്റിന് അഞ്ച് വർഷം ചെയ്യാൻ

കഴിയാത്ത കാര്യങ്ങൾ നാല് മാസംകൊണ്ട് ഈ ഗവൺമെന്റിന് ചെയ്യാൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. വാഹനങ്ങൾ വർദ്ധിച്ചു വരുന്നതിനനുസരിച്ച് മെച്ചപ്പെട്ട റോഡുകളുണ്ടാകണം. മൂന്നാറിലേയും തേക്കടിയിലേയും കുമരകത്തേയും യാത്രാക്ളേശം പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് എടുത്ത തീരുമാനങ്ങൾ സ്വാഗതാർഹമാണ്. റോഡ് വികസനത്തെ സംബന്ധിച്ച് വ്യക്തമായ ദിശാബോധം വളർത്തിയെടുക്കാനും പഠനം നടത്താനും റൈറ്റ്സിനെ ചുമതലപ്പെടുത്തിയത് സ്വാഗതാർഹമാണ്. മുടങ്ങിക്കിടക്കുന്ന ബൈപാസ്സുകളുടേയും മേൽപ്പാലങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്ത് വകുപ്പിനെ കൂടുതൽ ജനോപകാരപ്രദമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളുടെ പുരോഗതിക്ക് ഉപകരിക്കുന്ന നിരവധി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനും കർമ്മ പരിപാടികൾ പ്രഖ്യാപിച്ച് നടപ്പാക്കുവാനും ഈ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കുകയാണ്.

<u>ശ്രീ.എ.എ.അസീസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനാവശ്യമായ തുക നൽകി അവയെ ശക്തിപ്പെടുത്താനുള്ള തീരുമാനമാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്. ലോകത്തിനാകെ മാതൃകയായ ജനകീയാസൂത്രണ പദ്ധതിക്ക് തുടക്കമിട്ടത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ്. ഈ പദ്ധതിയിലെ പോരായ്മകൾ പരിഹരിക്കുന്നതിനു പകരം യു.ഡി.എഫ്. ഗവൺമെന്റ് കേരള വികസന പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കി. മാലിന്യ സംസ്ക്കരണത്തിന് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ട്രീറ്റ്മെന്റ് പ്ളാന്റുകളും ഗ്രാമ പഞ്ചായത്തുകളിൽ സ്ലാട്ടർ ഹൗസുകളും

സ്ഥാപിക്കണം. ചിക്കുൻ ഗുനിയപോലുള്ള പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. സാമൂഹ്യ വികസന പദ്ധതി നടപ്പാക്കുമ്പോൾ അതാതു നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ. മാർക്ക് അതിൽ പ്രാതിനിധ്യമുണ്ടാകണം. പൊതുമരാമത്തു വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന വിധത്തിൽ അപ്രായോഗിക തീരുമാനങ്ങൾ കൈക്കൊള്ളുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി യുണ്ടാകണം.

<u>ശ്രീ. കെ. കെ. ഷാജു</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടണങ്ങളെ വികസിത/വികസ്വര/അവികസിത നഗരമെന്ന് തരംതിരിച്ച് പ്രത്യേകം പദ്ധതികൾ നടപ്പിലാക്കണം. കുടിവെള്ളം, വൈദ്യുതി, റോഡ് എന്നിവയെ ബന്ധപ്പെടുത്തി വികസന പദ്ധതികൾ ആസൂത്രണം ചെയ്യണം. പഞ്ചായത്തുകളിൽ അഴിമതിരഹിത പ്രവർത്തനം ഉറപ്പുവരുത്തണം. ഗ്രാമ പഞ്ചായത്തിന്റെ കുറഞ്ഞ പ്ളാൻ ഫണ്ട് ഒരു കോടി രൂപയായി നിശ്ചയിക്കണം. പ്രകൃതിക്ഷോഭം, പകർച്ച വ്യാധികൾ മുതലായ പ്രാദേശിക ദുരന്തങ്ങളുണ്ടാകുമ്പോൾ പെട്ടെന്ന് ഇടപെടുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഉതകുന്നവിധം പഞ്ചായത്തുകൾക്ക് ദുരിതാശ്വാസനിധി രൂപീകരിക്കണം. അധികാര വികേന്ദ്രീകരണ കാര്യങ്ങളിൽ ജനപ്രതിനിധികളെ ഒഴിവാക്കുന്ന നടപടി ശരിയല്ല. ഇക്കാര്യത്തിൽ അവബോധമുണ്ടാക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിന്റെ പ്രത്യേകതകൾ അനുസരിച്ച് കേന്ദ്ര പദ്ധതികൾ എങ്ങനെ നടപ്പിലാക്കാമെന്ന് പരിശോധിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കാൻ കൊടുക്കുന്ന തുക വർദ്ധിപ്പിക്കണം. കരാറുകാരുടെ കുടിശ്ശികത്തുക കൊടുത്തു തീർക്കുന്നതിന്

നടപടി സ്വീകരിക്കണം. എം. സി. റോഡിന്റെ വികസനത്തിന് അടിയന്തിര നടപടി സ്വീകരിക്കണം.

ശ്രീ. പി.ടി.എ. റഹിം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നയം ഏറെ സന്തോഷകരമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണഘടനാനുസൃതമായി പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട സാമ്പത്തികാനുകൂല്യങ്ങളൊന്നും നൽകിയിരുന്നില്ലെന്നു മാത്രമല്ല പഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗിക്കുന്നതിൽ വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ താളം തെറ്റിച്ചതു മൂലം സമയത്ത് പദ്ധതി രേഖകൾക്ക് അംഗീകാരം വാങ്ങാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ യഥാസമയം പദ്ധതി അംഗീകരിക്കാത്ത പഞ്ചായത്തുകൾക്ക് 10 ശതമാനം കട്ട് വരുത്തുമെന്ന പ്രഖ്യാപനത്തിലൂടെ പഞ്ചായത്തുകളെ പ്രവർത്തനപഥത്തിലേയ്ക്ക് കൊണ്ടുവരാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പും പഞ്ചായത്ത് വകുപ്പും സംയോജിപ്പിക്കാനുള്ള തീരുമാനം ആശാവഹമാണ്. കഴിഞ്ഞ ഗവണ്മെന്റ് എസ്.ജി.ആർ.വൈ. പദ്ധതിയുടെ പേരിൽ ലക്ഷക്കണക്കിന് രൂപയുടെ പ്രവൃത്തികൾ പല പഞ്ചായത്തുകളേയും അടിച്ചേൽപ്പിക്കുകയാണുണ്ടായത്. ഇപ്പോൾ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം എസ്.ജി.ആർ.വൈ. പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിരിക്കുകയാണ്. ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ സർക്കാർ ശ്രമിക്കണം. സ്ക്കൂളുകളുടെ നിയന്ത്രണം പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഹൈക്കോടതി വിധിയെത്തുടർന്ന് ഗ്രാമസഭകളോ സെമിനാറുകളോ

നടത്തുന്നതിന് സ്ക്കൂൾ കെട്ടിടങ്ങൾ ഉപയോഗിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. സ്ക്കൂൾ കെട്ടിടങ്ങൾ ഉപയോഗിക്കാൻ അനുമതി നൽകുന്നതിനുള്ള അധികാരം ഗവണ്മെന്റിനാണോ വിദ്യാഭ്യാസ വകുപ്പിനാണോ എന്നത് വ്യക്തമാക്കണം. അനാദായകരമാണെന്ന കാരണം പറഞ്ഞ് അടച്ചുപൂട്ടിയിരിക്കുന്ന സ്ക്കൂളുകൾ പഞ്ചായത്തുകൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വിദ്യാഭ്യാസ വകുപ്പും തദ്ദേശ ഭരണ വകുപ്പും തമ്മിൽ വ്യക്തമായ ധാരണ ഉണ്ടാക്കണം. സെസ്സ് പിരിക്കുന്ന പഞ്ചായത്തുകൾക്ക് ലൈബ്രറികളുടെ മേൽ ആവശ്യമായ നിയന്ത്രണം കൂടി നൽകണം. കഴിഞ്ഞ ഗവൺമെന്റ് ഏറ്റെടുത്ത പഞ്ചായത്ത് റോഡുകളുടെ കാര്യത്തിൽ വ്യക്തമായ തീരുമാനം എടുക്കുന്നതോടൊപ്പം ഭരണാനുമതി നൽകിയിട്ടില്ലാത്ത റോഡുകൾ പഞ്ചായത്തുകൾക്ക് തിരിച്ചുകൊടുക്കുന്ന തിനും നടപടിയുണ്ടാകണം. ഓംബുഡ്സ്മാന്റെ എണ്ണം വർദ്ധിപ്പിക്കുന്ന തോടൊപ്പം ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ വച്ചതിനുശേഷം തുടർനടപടികൾക്കായി ഓംബുഡ്സ്മാനെ ഏല്പിക്കുന്ന തിനുള്ള സംവിധാനംകൂടി ഉണ്ടാക്കണം. വാട്ടർ അതോറിറ്റിയുടെയും കെ.എസ്.ഇ.ബി.യുടെയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള എം.എൽ.എ.മാരും പഞ്ചായത്ത് പ്രസിഡന്റുമാരും അടങ്ങിയ കമ്മിറ്റികൾ പുനഃസ്ഥാപിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും സർക്കാർ മുൻകൈയെടുക്കണം. തദ്ദേശഭരണ വകുപ്പിന്റെയും ഗ്രാമവികസന വകുപ്പിന്റെയും അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകണം. പഞ്ചായത്തുകൾക്കുമാത്രമായി ഒരു കെട്ടിട നിർമ്മാണ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റോഡിൽനിന്ന് 3 മീറ്റർ വിട്ട് കെട്ടിടം പണിയണമെന്ന നിബന്ധന പാലിക്കാതെ എക്സംപ്ഷൻ കൊടുക്കുന്ന സമീപനമാണ് കഴിഞ്ഞ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കാര്യമായ മാറ്റം വരുത്തണം. ആരോഗ്യ ഇൻഷ്വറൻസ് മേഖലയിൽ കഴിഞ്ഞ സർക്കാർ എത്ര രൂപ അടച്ചിട്ടുണ്ടെന്നുള്ള കാര്യം വ്യക്തമാക്കണം. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയില്ലാതെ ഇത് സ്വകാര്യ ഇൻഷ്വറൻസ് ഏജൻസികളെ ഏൽപ്പിക്കുകയും കുടുംബശ്രീകളെ ഉപയോഗിച്ച് ഈ പണം വാങ്ങി യെടുക്കുകയും ചെയ്തത് ഏറ്റവും വലിയ നയവൈകല്യമാണ്. 'കില'യെ നോക്കുകുത്തിയാക്കിക്കൊണ്ട് ട്രെയിനിംഗ് വേണ്ട എന്ന നിലപാടാണ് കഴിഞ്ഞ ഗവണ്മെന്റ് സ്വീകരിച്ചത്..

<u>ശ്രീമതി ജെ. അരുന്ധതി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പഞ്ചായത്ത്, നഗര വികസനം, പൊതുമരാമത്ത് എന്നീ വകുപ്പുകളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്ന് 4 മാസത്തിനുള്ളിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ ശ്ലാഘനീയമാണ്. ഗ്രാമീണ ജനതയുടെ എല്ലാ വികസന പ്രവർത്തനങ്ങളും ഒരു പരിധിവരെ നടപ്പിലാക്കുന്നത് ഗ്രാമ പഞ്ചായത്തുകൾ വഴിയാണ്. ഭരണഘടനാ ഭേദഗതിയിലൂടെ രൂപംകൊണ്ട പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ ഈ രാജ്യത്ത് വമ്പിച്ച മാറ്റം ഉണ്ടാക്കാൻ സാധിച്ചു. 1996-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് അധികാര വികേന്ദ്രീകരണം നടപ്പിലാക്കുകയും 9-ാം പദ്ധതി ജനകീയാസൂത്രണ പദ്ധതിയായി പ്രഖ്യാപിച്ച് നടപ്പിലാക്കാനാവശ്യമായ ചട്ടങ്ങൾ ഇറക്കുകയും ചെയ്തതോടുകൂടിയാണ് ഉദ്യോഗസ്ഥരുടെ ഔദാര്യമായി വികസന പ്രവർത്തനങ്ങളെ കണ്ടിരുന്ന

പ്രവണതയ്ക്ക് മാറ്റം ഉണ്ടായത്. സംസ്ഥാനത്ത് നിരവധി ജല വൈദ്യുത പദ്ധതികൾക്കും പാർപ്പിട പദ്ധതികൾക്കും ആരോഗ്യ പദ്ധതികൾക്കും രൂപം കൊടുക്കാൻ സാധിച്ചിട്ടുണ്ട്. 2001–ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവണ്മെന്റ് വികേന്ദ്രീകൃതാസൂത്രണം എന്ന പേര് സ്വീകരിക്കുകയും പഞ്ചായത്തുകളിൽനിന്ന് അധികാരം തിരിച്ചെടുക്കുകയും ചെയ്തു. പഞ്ചായത്തുകൾക്ക് അധികാരവും പണവും നൽകുമെന്നുള്ള ഈ സർക്കാരിന്റെ പ്രഖ്യാപനം അഭിനന്ദനാർഹമാണ്. 1996–ൽ രൂപം കൊണ്ട ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി സാമൂഹികവും സാമ്പത്തിക വുമായ മാറ്റം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. സ്ത്രീ–പുരുഷ സ്വയം സഹായ സംഘങ്ങളിലൂടെയും കുടുംബശ്രീയിലൂടെയും നേടിയെടുക്കാൻ കഴിഞ്ഞി ട്ടുള്ള ചെറുതും വലുതുമായ തൊഴിലവസരങ്ങൾ പാവപ്പെട്ട ആളുകൾക്ക് വളരെയധികം സഹായകരമായിട്ടുണ്ട്. മാതൃകാപരമായി പാർപ്പിട സൗകര്യവും തണൽ പദ്ധതിയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ ആദ്യമായി കൊണ്ടുവന്ന ലക്ഷം വീട് പദ്ധതി വളരെയധികം ആശ്വാസകരമായിരുന്നു. തിരുവനന്തപുരം ജില്ലയിലെ ലക്ഷം വീടുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഒറ്റ വീടുകളായി പുനർനിർണ്ണയം ചെയ്തിട്ടുണ്ട്. മറ്റുള്ള ജില്ലകളിലും ഇത് നടപ്പിലാക്കേണ്ട തായിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന മൈത്രി ഭവന പദ്ധതി ഒരു ജനകീയ പദ്ധതിയാക്കി മാറ്റാനുള്ള സർക്കാരിന്റെ ശ്രമങ്ങളെ സ്വാഗതം ചെയ്യുന്നു. പഞ്ചായത്തുകൾ ഒറ്റയ്ക്കും കൂട്ടായും ഗ്രാമങ്ങളിൽ ഏറ്റെടുത്ത പൂർത്തീകരിക്കാത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീ കരിക്കാൻ വാട്ടർ അതോറിറ്റിയുടെ സഹായം ആവശ്യമാണ്. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നികുതിപിരിവ് ഊർജ്ജിതപ്പെടുത്തണം. നഗരസഭ

യിലും ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ളത്തിന്റെയും ശ്മശാന ത്തിന്റെയും ആവശ്യകത ഉറപ്പുവരുത്തണം. പഞ്ചായത്തുകളിലെ പ്രവർത്തന വൈകല്യങ്ങൾ മാറ്റിയെടുക്കാനും ധനവിനിയോഗത്തിൽ വന്നിട്ടുള്ള ക്രമക്കേടുകൾ കണ്ടുപിടിക്കാനുമായി ഓംബുഡ്സ്മാന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. ആരോഗ്യരംഗംകൂടി കണക്കിലെടുത്തുകൊണ്ട് എല്ലാ ജില്ലകളിലും കുടിവെള്ള പദ്ധതിയും സാനിട്ടേഷൻ സൗകര്യങ്ങളും നടപ്പിലാക്കണം. കേരള വാട്ടർ അതോറിറ്റിക്ക് കൊടുത്തിരിക്കുന്ന അധികാരം കുറച്ചുകൂടി വിപുലീകരിക്കുകയും എമർജൻസി ഫണ്ട് അനുവദിക്കുകയും വേണം. കഴിഞ്ഞ ഭരണകാലത്ത് എല്ലാ മണ്ഡലങ്ങളിലും നടപ്പാക്കാൻ തീരുമാനിച്ച പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 10 വർക്കുകളും ഒരേ കോൺട്രാക്ടർ ഏറ്റെടുത്ത് നടപ്പിലാക്കിയതുകൊണ്ട് മണ്ഡലങ്ങളിലെ റോഡുകളുടെ വർക്കുകൾ അനാഥമായി കിടക്കുകയാണ്. മരാമത്ത് വകുപ്പിൽ അടിയന്തിര കാര്യങ്ങൾ ചെയ്യുന്നതിന് എമർജൻസി ഫണ്ട് ആവശ്യമാണ്. തുക കിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാൽ കോൺട്രാക്ടർമാർ വർക്ക് ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. ടാറിന്റെ അഭാവം കാരണം റോഡ് പണി ഏറ്റെടുത്ത് ചെയ്യാൻ സാധിക്കുന്നില്ല. ടാർ കമ്പനികൾക്ക് കൊടുത്തുതീർക്കാനുള്ള 100 കോടി രൂപയിൽ ഒരു ഭാഗ മെങ്കിലും കൊടുത്തുകൊണ്ട് ടാർ കമ്പനിയുമായി ഗവൺമെന്റ് ധാരണ ഉണ്ടാക്കണം. റോഡരികിലുള്ള കാലപ്പഴക്കം ചെന്ന വൃക്ഷങ്ങൾ മാറ്റുന്നതിന് നടപടി എടുക്കണം. വാമനപുരം നിയോജകമണ്ഡലത്തിലെ രണ്ട് പാലങ്ങളുടെ പുനരുദ്ധാരണത്തിന് നബാർഡിൽനിന്ന് ഫണ്ട് ലഭ്യമാക്കാനാ വശ്യമായ നടപടി സ്വീകരിക്കണം. ജില്ലാ ഗ്രാമ വികസന ഏജൻസികളെ ജില്ലാ പഞ്ചായത്തുകളിൽ ലയിപ്പിക്കാൻ എടുത്ത തീരുമാനവും ഈ

വകുപ്പിലെ കൈക്കൂലിയേയും അഴിമതിയേയും കുറിച്ച് നടത്തുന്ന അന്വേഷണവും ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ്.

ശ്രീ. വർക്കല കഹാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ടെൻഡർ എക്സസ് ആയതിനാലാണ് 2004 മുതലുള്ള ബഡ്ജറ്റ് വർക്കുകളൊന്നും നടക്കാത്തത്. മെറ്റീരിയൽ കോസ്റ്റും ഡീസൽ ചാർജ്ജും വർദ്ധിച്ചിരിക്കുന്ന തിനാൽ കോൺട്രാക്ടർമാർ പണി ഏറ്റെടുക്കുന്നില്ല. റോഡുകളുടെ ഹെവി മെയിന്റനൻസ് വർക്കുകൾക്ക് പെർഫോമൻസ് ലിങ്ക്ഡ് മെയിന്റനൻസ് കോൺട്രാക്ട് വേണമെന്ന തീരുമാനം ഈ ഗവൺമെന്റ് നടപ്പിലാക്കണം. റോഡുകൾക്ക് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കൊണ്ടുവരണം. റോഡുകളുടെ അപ്ഗ്രഡേഷന്റെ കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കണം. എംഎൽ.എ. റോഡുകൾ മുഴുവൻ തകർന്ന് കിടക്കുകയാണ്. ഇൻവെസ്റ്റ്മെന്റ് പെർസന്റേജ് വളരെ കുറവാണ്. റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് ബഡ്ജറ്റ് വിഹിതം ഉയർത്തണം. നബാർഡിൽനിന്നും ലഭിക്കുന്ന വായ്പ ഉപയോഗപ്പെടുത്തി തീരദേശ-മലയോര വികസനം സാക്ഷാൽക്കരിക്കപ്പെടുന്നതിന് നടപടിയുണ്ടാകണം.

ശ്രീ. രാജു എബ്രഹാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഒരു കാരണവശാലും അതേ രൂപത്തിൽ കേരളത്തിൽ നടപ്പിലാക്കരുത്. ഐ.സി.ഐ.സി.ഐ. എന്ന കമ്പനി കരാറിൽ ഒപ്പിടുന്നതിനുമുമ്പാണ് കുടുംബശ്രീ അംഗങ്ങൾക്ക് 5.66 കോടി രൂപ നല്കിയിട്ടുള്ളത്. ഒരു ഉത്തരവുപോലും പുറപ്പെടുവിക്കാതെ ഇതിലൂടെ കുടുംബശ്രീ അംഗങ്ങളെ കബളിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പൊതുമേഖല ഇൻഷ്വറൻസ് കമ്പനിയെക്കൂടി പരിഗണിച്ചുകൊണ്ടുമാത്രമേ

ഈ പദ്ധതി നടപ്പിലാക്കാവൂ. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ .യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് സ്കീമിൽനിന്നും സഹായം ലഭ്യമാക്കുന്നതിന് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളെ ഉപയോഗ പ്പെടുത്തണം. തട്ടിപ്പില്ലാതെ നടപ്പിലാക്കാൻ കഴിയുന്ന രൂപത്തിൽ ആരോഗ്യ സുരക്ഷ പദ്ധതി തയ്യാറാക്കണം. അനധികൃതമായി കെട്ടിട നിർമ്മാണത്തിന് അനുമതി കൊടുത്തതും പെട്രോൾ പമ്പിന് സോണൽ എക്സംപ്ഷൻ കൊടുത്തതും ഇക്കഴിഞ്ഞ 4 മാസത്തിനകം കണ്ടുപിടിക്കപ്പെട്ടതിന് ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ഇനി അവശേഷിക്കുന്നതുകൂടി കണ്ടുപിടിക്കാനുള്ള നടപടിയുണ്ടാകണം. കഴിഞ്ഞ 5 വർഷക്കാലം പഞ്ചായത്തീരാജ് സംവിധാനമാകെ തകർക്കുന്ന സമീപനമായിരുന്നു സ്വീകരിച്ചത്, അതിൽ മാറ്റമുണ്ടാകണം. പേപ്പട്ടികളെ കൊല്ലാൻ അടിയന്തിര നടപടി സ്വീകരിക്കണം. ശുചീകരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കണം. പാർക്കിംഗ് സൗകര്യമില്ലാത്ത ബഹുനില കെട്ടിടങ്ങൾക്ക് അനുമതി നല്കുകയില്ല എന്നുള്ള സമീപനം സ്വീകരിക്കണം. അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ നടപടിയുണ്ടാകണം. അഗതികൾക്ക് ഭവനങ്ങൾ നിർമ്മിച്ച് നല്കുവാനും യാചകരെ പുനരധിവസിപ്പിച്ചുകൊണ്ട് യാചക നിരോധനം ഏർപ്പെടുത്തുവാനുമുള്ള നടപടി സ്വീകരിക്കണം. പി.ഡബ്ല്യു.ഡി.-യെ സംബന്ധിച്ചിടത്തോളം കെ.എസ്.ടി.പി.-യുടെ പല റോഡുകളും വികസനം പൂർത്തിയാകാതെ കുണ്ടും കുഴിയുമായി കിടക്കുക യാണ്. ബിൽ പാസ്സാക്കിയാലും പടി കിട്ടാതെ പണി തുടരാൻ അനുവദിക്കു കയില്ലെന്നാണ് അധികൃതരുടെ പക്ഷം, ഇതിനെക്കുറിച്ച് പരിശോധിക്കണം. റോഡുകളുടെ ഉപയോഗത്തിനായി കൊണ്ടുവരുന്ന ടാറിൽ പകുതിയി

ലേറെയും മറിച്ച് വില്ക്കുന്നതിനെക്കുറിച്ച് അന്വേഷിക്കണം. ഈ വകുപ്പി ലുള്ള അഴിമതി അവസാനിപ്പിക്കുവാൻ അടിയന്തിര നടപടിയുണ്ടാകണം.

ശ്രീമതി ഇ.എസ്. ബിജി മോൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ ഭരണകാലത്ത് അധികാരം ജനങ്ങളി ലേയ്ക്ക് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് ഗ്രാമസഭകൾ രൂപീകരിക്ക പ്പെട്ടു. അന്ന് കേന്ദ്ര തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി കേരളത്തിലെത്തി ഇവിടെ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പദ്ധതികളെക്കുറിച്ച് വില യിരുത്തൽ നടത്തിയിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഗ്രാമസഭ കളുടെ നിർദ്ദേശങ്ങൾ പഞ്ചായത്തുകൾക്ക് നടപ്പിലാക്കാൻ കഴിയാതെവന്നതു കൊണ്ട് ഗ്രാമസഭകൾ നിർവീര്യമാക്കപ്പെട്ടു. ജനകീയാസൂത്രണ പദ്ധതിയുടെ പേരുമാറ്റി കേരള വികസന പദ്ധതി എന്നാക്കി. ഫണ്ട് വെട്ടിക്കുറച്ചു എന്നു മാത്രമല്ല എസ്.എസ്.എ., അക്ഷയ, ആശ്രയപോലുള്ള പദ്ധതികൾ പഞ്ചായ ത്തിന്റെ അധികാരപരിധിയിൽപ്പെടുത്തുകയും ഈ പദ്ധതികൾ നടപ്പിലാക്കു ന്നതിന് ഫണ്ട് ഉൾപ്പെടുത്താതിരിക്കുകയും ചെയ്തു. പഞ്ചായത്തുകളെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ച ഈ ഗവണ്മെന്റിന്റെ നടപടി സ്വാഗതാർഹമാണ്. ഗ്രാമസഭയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി, ആനുപാതികമായി പഞ്ചായത്തുകൾക്ക് ഫണ്ട് നൽകണം. ഫണ്ട് വിഭജനം നടത്തുമ്പോൾ, പശ്ചാത്തല മേഖലയുടെ ഫണ്ട് നിശ്ചയിക്കാൻ ജനസംഖ്യാ നുപാതം എടുക്കുന്നതോടൊപ്പം പ്രദേശങ്ങളുടെ വിസ്തൃതികൂടി കണക്കി ലെടുക്കണം. റോഡുകളുടെ കാര്യത്തിൽ മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് പഞ്ചായത്തുകൾക്ക് നൽകിക്കൊണ്ടിരിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പി ക്കണം. പഞ്ചായത്തുകളിൽ പ്ലാൻ കോ-ഓർഡിനേഷൻ വേണ്ടത്ര ഫലപ്രദ മാക്കണം. പഞ്ചായത്തുകൾ നിർമ്മിച്ച കുളങ്ങൾ വാട്ടർ അതോറിറ്റി ഏറ്റെടു

ക്കുന്നതിനായി മന്ത്രിതലചർച്ചകൾ നടത്തണം. പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾക്ക് ഇലക്ട്രിസിറ്റി ചാർജ്ജിൽ ഉണ്ടാക്കിയിട്ടുള്ള താരിഫ് പുന:പരിശോധിക്കണം. നിസ്സാര കാരണങ്ങളാൽ ലക്ഷ്യത്തിലെത്താത്ത പഞ്ചായത്തുകൾ നിർമ്മിച്ചിട്ടുള്ള കോടിക്കണക്കിനു രൂപയുടെ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് എസ്.സി/എസ്.ടി ഡിപ്പാർട്ടുമെന്റുകളിലൂടെ നടപ്പിലാക്കിയിട്ടുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളെപ്പറ്റി അന്വേഷിക്കുകയും ഭവനനിർമ്മാണ പദ്ധതികൾ ഏകീകരിച്ച് ഒരു സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുകയും ചെയ്യണം. ഇലക്ട്രിസിറ്റി ബോർഡുവഴി പണമടച്ച ഗ്രാമപഞ്ചായത്തുകൾക്ക് മെറ്റീരിയൽസ് ലഭ്യമാക്കണം. വികലാംഗ പെൻഷൻ, വൃദ്ധർക്കുള്ള പെൻഷൻ തുടങ്ങിയവയിൽ പഞ്ചായത്ത് വകയിരുത്തിയിട്ടുള്ള ഫണ്ടുകളുടെ വിനിയോഗം പൂർണ്ണമായി ഉദ്ദേശിക്കുന്ന തലത്തിൽ എത്തിക്കുന്നതിനായി ഡിപ്പാർട്ടുമെന്റുതല കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായി ആലോചിച്ച് നൽകണം. എല്ലാ പഞ്ചായത്തുകളും കമ്പ്യൂട്ടർവൽക്കരിക്കണം. ഇരുപതും മുപ്പതും വർഷങ്ങൾ പഞ്ചായത്ത് മെമ്പറായും പഞ്ചായത്ത് പ്രസിഡന്റ് ആയും സേവനമനുഷ്ഠിച്ചവർക്ക് പെൻഷൻ അനുവദിക്കണം. കുടുംബശ്രീയുടെ ഭാഗമായി നടത്തുന്ന ഓണച്ചന്തയേയും മറ്റും സ്വാഗതം ചെയ്യുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ സുരക്ഷ കൂടി പരിഗണനയിലെടുത്തുകൊണ്ട് ഗ്രാമീണ റോഡുകൾ നന്നാക്കുകയും യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം. ഇക്കാര്യത്തിൽ പി.ഡബ്ളിയു.ഡി.യുടെ നേതൃത്വത്തിൽ നടക്കുന്ന എല്ലാ നല്ല ശ്രമങ്ങളേയും സ്വാഗതം ചെയ്യുന്നു. മുല്ലപ്പെരിയാർ പ്രശ്നം

കൈകാര്യം ചെയ്യുന്നതിൽ ഈ ഗവണ്മെന്റും സഭയും കാണിച്ച ശ്രദ്ധയും താൽപര്യവും ഐക്യവും നന്ദിയോടെ ഓർക്കുന്നു.

ശ്രീ. കെ.വി. കുഞ്ഞിരാമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ ജനങ്ങളുടെ കഴിഞ്ഞകാല അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ എൽ.ഡി.എഫ്. നെ വിജയിപ്പിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് പഞ്ചായത്ത് വകുപ്പും പൊതുമരാമത്ത് വകുപ്പും ഭരിച്ച് നാമാവശേഷമാക്കുകയും അധികാര വികേന്ദ്രീകരണത്തേയും ജനകീയാസൂത്രണ പ്രസ്ഥാനത്തേയും തുരങ്കം വയ്ക്കുകയും ചെയ്തു. 2003-04 വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട ഫണ്ട് കൃത്യമായി കൊടുക്കാതെയും കൊടുത്ത ഫണ്ടുതന്നെ ചെലവഴിക്കാനുള്ള സാവകാശം കൊടുക്കാതെയും തദ്ദേശഭരണ സ്ഥാപനങ്ങളെ മുരടിപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചിരുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് അവരുടെ ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവ്വഹിക്കാൻ ആവശ്യമായ സംവിധാനങ്ങൾ കൊടുത്തിരുന്നില്ല. പി.ഡി. അക്കൗണ്ട് സിസ്റ്റം അവസാനിപ്പിക്കുകയും ബിൽ സിസ്റ്റം കൊണ്ടുവന്ന് പഞ്ചായത്തുകൾക്ക് ഓരോ മാസവും ചെലവഴിക്കാനുള്ള തുകയെ സംബന്ധിച്ച് സീലിംഗ് കൊണ്ടുവരികയും ചെയ്ത് തദ്ദേശഭരണ സ്ഥാപനങ്ങളെ ദുർബ്ബലപ്പെടുത്താനുള്ള സംവിധാനങ്ങളാണ് മുൻ ഗവണ്മെന്റ് സ്വീകരിച്ചിരുന്നത്. കേരളത്തിന്റെ വികസനരംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയ ജനകീയാസൂത്രണ പദ്ധതിതന്നെ ആ കാലത്ത് അട്ടിമറിക്കപ്പെട്ടു. എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാര വികേന്ദ്രീകരണത്തിന് വിലപ്പെട്ട സംഭാവനകൾ നൽകുകയും ജനങ്ങളെ സഹായിക്കുന്ന തരത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് വരുത്തുകയും ചെയ്തു. കേരളത്തിന്റെ എല്ലാ വികസന രംഗത്തും ഈ നാല് മാസംകൊണ്ട്

വലിയ മാറ്റങ്ങൾ വരുത്തി ജനോപകാരപ്രദങ്ങളായ പ്രവർത്തനങ്ങളുമായി ഗവണ്മെന്റ് മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് പഞ്ചായത്തുകളുടെ ആഡിറ്റിംഗിൽ ഉണ്ടായിരുന്ന അപാകതയെപ്പറ്റി അന്വേഷിക്കണം. ലോക്കൽ ഫണ്ട് ആഡിറ്റിനെക്കൊണ്ട് കൃത്യമായി ആഡിറ്റ് ചെയ്യിക്കാനും പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബ്ളോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ പരിശോധിച്ച് തിരുത്താനാവശ്യമായ സംവിധാനം ഉണ്ടാക്കുകയും വേണം. ഏറ്റെടുത്തി ട്ടുള്ള നല്ല പ്രവൃത്തികൾ ഓരോ പഞ്ചായത്തിന്റെയും സാധ്യതയ്ക്ക് അനുസരിച്ച് നിർവ്വഹിക്കാൻ ആവശ്യമായ പ്രത്യേക ശ്രദ്ധ പഞ്ചായത്ത് വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ജനകീയാസൂത്രണം അഴിമതി യാണെന്നു പറഞ്ഞ് ഗുണഭോക്തൃ സമിതികൾ നിർവ്വഹിക്കുന്ന സംവിധാനം കഴിഞ്ഞ ഗവൺമെന്റ് എടുത്തുകളഞ്ഞിട്ട് കരാർ രാജ് ഉണ്ടാക്കി മുഴുവൻ വർക്കുകളും പഞ്ചായത്തിൽപ്പെടുത്തി ടെന്റർ ചെയ്യാനുള്ള സംവിധാനമുണ്ടാ ക്കിയെങ്കിലും പഞ്ചായത്തിനകത്തു നടക്കുന്ന പ്രവൃത്തിയുടെ ഗുണനില വാരം ഉറപ്പുവരുത്താൻ അത് സഹായിച്ചില്ല. 511 കുടിവെള്ള പദ്ധതികൾക്ക് മൊത്തം നിശ്ചയിച്ച അടങ്കൽ തുകയുടെ 85 ശതമാനവും വിനിയോഗിച്ചു കൊണ്ട് ജനപങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കിയതിന് ദേശീയ അവാർഡ് നേടിയ പഞ്ചായത്തായി കാസർകോഡ് ജില്ലാ പഞ്ചായത്തിന് മാറാൻ കഴിഞ്ഞു. സംസ്ഥാനത്തെ മറ്റ് ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിലും ആ മാതൃക സ്വീകരിച്ചുകൊണ്ട് ഗുണഭോക്തൃ സമിതിയുടെ കുറവുകൾ പരിഹരിച്ച് മുന്നോട്ടുപോകണം. മുൻ ഗവണ്മെന്റിന്റെ കാലത്തുനടന്ന റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട ധാരാളം അഴിമതികൾ ഇന്നും നിലനിൽക്കുന്നുണ്ട്. ഗ്ളോബൽ ടെന്റർ ക്ഷണിച്ച് ആരംഭിച്ച

കെ.എസ്.ടി.പി. റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കാസർകോട്–കാഞ്ഞങ്ങാട് റോഡിന്റെ പണിക്ക് ഗ്ളോബൽ ടെന്റർ ക്ഷണിച്ചപ്പോൾ നഷ്ടമുണ്ടാകുമെന്നു പറഞ്ഞ് റീ–ടെന്റർ നടത്തിയതിലൂടെ 87 കോടി രൂപയാണ് അധികം ചെലവഴിക്കേണ്ടിവന്നത്. ഗവണ്മെന്റ് മുൻകൈയെടുത്ത് കെ.എസ്.ടി.പി. ഉൾപ്പെടെയുള്ള റോഡ് നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കണം.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ ഏതാണ്ട് 25 ലക്ഷത്തോളം പാവപ്പെട്ട ജനങ്ങളെ സഹായിക്കാനുതകുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി രാഷ്ട്രീയത്തിന്റെ പേരിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകരുത്. ഒരു കുടുംബത്തിന് 300 രൂപ വച്ച് 75 കോടിയോളം രൂപ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ കേന്ദ്ര ഗവണ്മെന്റിൽനിന്നും ലഭിക്കുമ്പോൾ ആ പദ്ധതി വേണ്ടെന്നു വയ്ക്കുന്നത് നിർഭാഗ്യകരമാണ്; ആ പദ്ധതി നടപ്പിലാക്കുകതന്നെ വേണം. പഞ്ചായത്ത് വകുപ്പിൽ നിയമവിരുദ്ധമായ രീതിയിലാണ് സ്ഥലംമാറ്റം നടക്കുന്നത്. 9.8.2006–ലെ പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവനുസരിച്ച് 158 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥലംമാറ്റി. 27–6–2005–ൽ ഇറക്കിയ സ്ഥലംമാറ്റ ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾക്ക് വിരുദ്ധമായിട്ടാണ് ഇപ്പോൾ സ്ഥലം മാറ്റം നടത്തിയത്. പഞ്ചായത്ത് സെക്രട്ടറിമാർ, എൽ.ഡി. ക്ളാർക്കുമാർ, യു.ഡി. ക്ളാർക്കുമാർ തുടങ്ങിയവരെ യാതൊരു മാനദണ്ഡങ്ങളുമില്ലാതെയാണ് സ്ഥലം മാറ്റിയത്. റിട്ടയർ ചെയ്യുന്നതിന് 10 മാസം മാത്രമുള്ള പഞ്ചായത്ത് സെക്രട്ടറിമാരെപ്പോലും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലംമാറ്റിയ ഗവണ്മെന്റാണിത്. സ്ഥലംമാറ്റം സംബന്ധിച്ച് പരാതികളുണ്ടെങ്കിൽ പരിഹരി

ക്കാമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. അധികാര വികേന്ദ്രീകരണത്തിന് യു.ഡി.എഫ്. ഒരിക്കലും എതിരല്ല. ഇക്കാര്യത്തിൽ കോൺഗ്രസ്സിന്റെ പങ്ക് ചരിത്രരേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. തദ്ദേശ ഭരണവകുപ്പിലെ അഴിമതികൾ അവസാനിപ്പി ക്കുമെന്നും ബിനാമി ഭരണം അവസാനിപ്പിക്കുന്നതിന് ശക്തമായ നടപടികളെടുക്കുമെന്നും ജലസ്രോതസ്സ് സംരക്ഷിക്കുന്നതു സംബന്ധിച്ച പദ്ധതി ഒക്ടോബർ 2-ാം തീയതി ആരംഭിക്കുമെന്നും പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. അധികാര വികേന്ദ്രീകരണം നടപ്പാക്കിയതിനു ശേഷമുള്ള പത്ത് വർഷത്തെ പ്രവർത്തനം നാം അവലോകനം ചെയ്യേണ്ടതാണ്. പ്രൊഡക്ടീവ് സെക്ടറിൽ കേരളം എവിടെ എത്തി നിൽക്കുന്നുവെന്ന് പരിശോധിക്കണം. ത്രിതല പഞ്ചായത്തിലൂടെ നാം പ്രൊഡക്ടീവ് സെക്ടറിൽ ഉപയോഗിക്കുന്ന പണം യഥാർത്ഥ കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. പാവപ്പെട്ട മാർജിനൽ ഫാർമേഴ്സിനെ കുടുംബശ്രീ വഴി ഐഡന്റിഫൈ ചെയ്ത് അവർക്ക് സഹായം എത്തിക്കാനുള്ള നടപടിയുണ്ടാകണം. പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് കൊടുക്കുന്ന തുക അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പി ക്കുന്നതിന് നടപടിയുണ്ടാകണം. പൊതുമരാമത്ത് വകുപ്പ് വക റോഡുകൾ എത്രയും വേഗം അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി): ധനാഭ്യർത്ഥന സംബന്ധിച്ച് വിശദമായ ചർച്ചയാണ് ഇവിടെ നടന്നത്. ശക്തമായ വിമർശനങ്ങൾ രേഖപ്പെടുത്തിയവരും പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമായ നിർദ്ദേശങ്ങൾ നൽകിയവരും ഗവണ്മെന്റ്

നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അഭിനന്ദനമറിയിച്ചവരുമുണ്ട്. എല്ലാ പേരുടേയും അഭിപ്രായങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മെച്ചപ്പെട്ട രീതിയിൽ തദ്ദേശ ഭരണ വകുപ്പിനെ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നതാണ്. 9–ാം പഞ്ചവൽസര പദ്ധതി ആരംഭിക്കുന്ന ഘട്ടത്തിലാണ് അധികാരവികേന്ദ്രീ കരണത്തെ അടിസ്ഥാനമാക്കി പ്രാദേശിക വികസന പ്രവർത്തനങ്ങൾ ആരംഭിച്ചത്. എന്നാൽ കഴിഞ്ഞ പത്ത് വർഷത്തെ പ്രവർത്തനം വില യിരുത്തുമ്പോൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം കൈവരിച്ച നേട്ടമാണ് മുന്നിട്ടുനിൽക്കുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ കേരളം ഇന്ത്യയ്ക്ക് മാതൃകയാണെന്നാണ് കേന്ദ്ര മന്ത്രി പറഞ്ഞത്. മെച്ചപ്പെട്ട രീതിയിൽ പദ്ധതികൾ തയ്യാറാക്കി അതാത് പ്രദേശ ങ്ങളുടെ ആവശ്യം പരിഗണിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി യിട്ടുള്ള ധാരാളം പഞ്ചായത്തുകളും നഗരസഭകളും ഈ സംസ്ഥാനത്തുണ്ട്. മറ്റ് പഞ്ചായത്തുകൾക്ക് മാതൃക കാണിക്കത്തക്ക രീതിയിൽ ഭാവനാപൂർണ്ണ മായ പുതിയ പദ്ധതികളാവിഷ്ക്കരിച്ച് നടപ്പാക്കിയ പഞ്ചായത്തുകളുമുണ്ട്. സംസ്ഥാന ഗവണ്മെന്റ് വികസന പ്രവർത്തനങ്ങൾക്ക് കൊടുത്ത പണം വളരെ സുതാര്യമായി ജനപങ്കാളിത്തത്തോടുകൂടി അഴിമതിരഹിതമായി വിനിയോഗിച്ച ധാരാളം തദ്ദേശഭരണ സ്ഥാപനങ്ങളുണ്ടെങ്കിലും എല്ലാ നഗര സഭകളും പഞ്ചായത്തുകളും കുറ്റമറ്റ രീതീയിൽ അഴിമതിരഹിതമായി, വ്യവസ്ഥകൾക്കനുസരിച്ച് പണം ചെലവഴിച്ചുവെന്ന് പറയാനാവില്ല. ഒറ്റപ്പെട്ട സംഭവങ്ങളാണെങ്കിലും അധികാര വികേന്ദ്രീകരണത്തെ അട്ടിമറിക്കത്തക്ക വിധത്തിലുള്ള ശ്രമങ്ങളും ചില കേന്ദ്രങ്ങളിൽനിന്നുമുണ്ടായിട്ടുണ്ട്. ഒൻപതാം പഞ്ചവൽസര പദ്ധതിയിലും പത്താം പഞ്ചവൽസര പദ്ധതിയിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ നമുക്ക് കഴിഞ്ഞോ എന്നുള്ള സമഗ്രമായ

പരിശോധന നടത്തിവേണം പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനവുമായി മുന്നോട്ടുപോകാനെന്നതുകൊണ്ട് സമഗ്രമായ ഒരു ചർച്ച കഴിഞ്ഞകാലത്തെ പ്രവർത്തനത്തെ വിലയിരുത്തുന്നതിനുവേണ്ടി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ജനകീയാസൂത്രണത്തിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചില പ്രശ്നങ്ങളെങ്കിലും പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കൂട്ടത്തിൽ വീടില്ലാത്ത പാവപ്പെട്ടവർക്ക് വീട് വച്ചുകൊടുത്ത,. രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയ, വൈദ്യുതി, ഗതാഗതം എന്നീ രംഗങ്ങളിലും ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ പഞ്ചായത്തുകളുമുണ്ട്. കാർഷിക രംഗം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് കാർഷിക നയത്തിൽ മാറ്റം വരുത്തണം. കൃഷി ഉപേക്ഷിച്ചുപോയ കർഷകരെ തിരികെക്കൊണ്ടുവരുന്നതിന് പഞ്ചായത്തുകളുടെ വികസന പ്രവർത്തനത്തിലൂടെ സാധിക്കണം. സഭയിൽ പ്രകടിപ്പിച്ച ഫലപ്രദമായ നിർദ്ദേശങ്ങളും വിമർശനങ്ങളും ഗൗരവത്തോടെ അംഗീകരിക്കുന്നു. ഗ്രാമസഭകൾ ആരംഭഘട്ടത്തിൽ സജീവമായിരുന്നുവെങ്കിലും ഇപ്പോൾ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന വേദിയായി മാറിയിരിക്കുകയാണ്. പഞ്ചായത്തുകളുടെ നാനാ മേഖലകളിലേയും വികസനത്തെ സംബന്ധിക്കുന്ന പദ്ധതികൾക്ക് രൂപം കൊടുക്കാൻ സാധിക്കത്തക്കരീതിയിൽ ഗ്രാമസഭകളെ മാറ്റിയെടുക്കുന്നതിന് എല്ലാ ഭാഗത്തുനിന്നും സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പദ്ധതികൾക്ക് പണം ചെലവഴിക്കുന്നതിലെ പ്രയാസങ്ങൾ മനസ്സിലാക്കുന്നതിന് ഓരോ മാസവും പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാരിൽനിന്നും വിവരം ശേഖരിച്ച് ബുദ്ധിമുട്ടുകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് ആവശ്യമായ ഉത്തരവ് ഇറക്കി മുന്നോട്ടുപോയതിന്റെ ഫലമായി 70 ശതമാന

ത്തിൽക്കൂടുതൽ ഫണ്ട് ചെലവഴിക്കാൻ സാധിച്ചു. ഗവൺമെന്റ് അനുവദിച്ച ഫണ്ട് തിരിച്ചുപിടിക്കാൻ പഴുത് ഉണ്ടാക്കിയിട്ടില്ല. ആ ഫണ്ട് ചെലവഴിക്കുന്നതിന് എല്ലാവിധ സഹായങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെയ്തുകൊടുത്തതിന്റെ ഫലമായി ഫണ്ട് വേണ്ട രീതിയിൽ ചെലവഴിച്ചു. കേരളത്തിൽ മാതൃകാപരമായി പദ്ധതികൾ തയ്യാറാക്കിയ പഞ്ചായത്തുകൾ സ്വീകരിച്ച നല്ല കാര്യങ്ങൾ മറ്റ് പഞ്ചായത്തുകൾക്കും മനസ്സിലാക്കിക്കൊടുക്കുന്നതിനായി 'കില'യുടെ ആഭിമുഖ്യത്തിൽ ഒരു പരിപാടി ഉടൻതന്നെ ആരംഭിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് അനുവദിക്കുന്ന തുക സംബന്ധിച്ച് എത്രയുംപെട്ടെന്ന് തീരുമാനത്തിലെത്തും. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ഈ ഗവൺമെന്റ് നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച് ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ള 24 ലക്ഷംപേർക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. ഗവൺമെന്റ് ആശുപത്രികൾ ഇല്ലാത്ത സ്ഥലങ്ങളിൽ മറ്റ് സംവിധാനത്തെക്കുറിച്ച് ആലോചിക്കും. മേഖലാനിയന്ത്രണ ഇളവ് നൽകുന്നത് സംബന്ധിച്ച് സർക്കാരിനുണ്ടായിരുന്ന അധികാരം കോടതി റദ്ദാക്കിയതിന്റെ ഫലമായി കെട്ടിട നിർമ്മാണ മേഖലയിൽ പ്രതിസന്ധിയുണ്ടാവുകയും നിരവധി അപേക്ഷകർ ഇതിന്റെ തീരുമാനം കാത്തിരിക്കുകയുമാണ്. രണ്ട് മാസത്തിനകം മേഖലാ പ്ളാനുകൾക്ക് ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തി പ്രതിസന്ധി പരിഹരിക്കുന്നതിനു കഴിയുമെന്ന് വിശ്വസിക്കുന്നു. തിരുവനന്തപുരത്തിന്റെ വികസനത്തിനായി 7000 കോടി രൂപയുടേയും കൊച്ചിയുടെ വികസനത്തിന് 10,000 കോടി

രൂപയുടേയും പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ അഞ്ച് കോർപ്പറേഷനുകൾ നടപ്പാക്കുന്ന സുസ്ഥിര വികസന പദ്ധതിക്ക് ആവശ്യമായ മുൻകരുതലുകൾ ചെയ്തു. മുടങ്ങിക്കിടക്കുന്ന തൊഴിലുറപ്പ് പദ്ധതി പാലക്കാട്, വയനാട് ജില്ലകളിൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചു. കെട്ടിട നിർമ്മാണ പെർമിറ്റ് മുൻഗണനാക്രമം തെറ്റാതെ നൽകുന്നതിനുള്ള സംവിധാനം ഒരുക്കും. പഞ്ചായത്തുകളുടെ കുടിശ്ശിക അക്കൗണ്ട് പൂർത്തിയാക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അംഗീകരിച്ചി ട്ടുണ്ട്. വികേന്ദ്രീകരണ സംവിധാനവും പരിശീലനവും മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള ഒരു ധാരണാപത്രം കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയവുമായി ബന്ധപ്പെട്ട് ഒപ്പുവച്ചു. പതിനൊന്നാം പഞ്ചവൽസര പദ്ധതി ജനകീയാസൂത്രണ പദ്ധതിയായി നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകും. കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന അവസര ത്തിൽ പാവപ്പെട്ട മുഴുവൻ ആളുകൾക്കും വീട് നൽകുന്നതിനുവേണ്ടി 'ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കും. പിന്നോക്ക ജില്ലാ വികസന പദ്ധതി പഞ്ചായത്ത് മുഖേന നടപ്പാക്കും. ജലാശയങ്ങളിലെ മാലിന്യം തടയുന്നതിനും ജലസ്രോതസ്സ് സംരക്ഷിക്കുന്നതിനും ജനപങ്കാളിത്തത്തോടുകൂടി പഞ്ചായത്ത്–നഗരസഭ കളെ സംയോജിപ്പിച്ചുകൊണ്ട് നടപടി സ്വീകരിക്കും. ഏറ്റവും വലിയ സ്ത്രീ ശാക്തീകരണ പദ്ധതിയായ കുടുംബശ്രീ യൂണിറ്റുകളുടെ എണ്ണം 34 ലക്ഷത്തിൽനിന്നും 38 ലക്ഷമായി വർദ്ധിപ്പിച്ച് ഈ വർഷം 20000 പേർക്കു കൂടി തൊഴിലവസരങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു. ഗ്രാമീണ ഉൽപ്പാദന

വിപണന സമുച്ചയങ്ങൾ സ്ഥാപിക്കുകവഴി പ്രാദേശിക തൊഴിൽ സാധ്യതകളും ഗ്രാമീണ ജനതയുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിനുപുറമേ സഹകരണ സംവിധാനവുമായി ബന്ധപ്പെടുത്തും. ആലപ്പുഴ, പാലക്കാട്, തലശ്ശേരി, ഗുരുവായൂർ നഗരസഭകൾക്ക് ചെറുകിട നഗര വികസനത്തിനുള്ള കേന്ദ്ര പദ്ധതിയിൽനിന്ന് സഹായം ലഭ്യമാക്കാനുള്ള പ്രോജക്ടുകൾ തയ്യാറാക്കും. കേരളത്തിലെ അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും ലോകശ്രദ്ധ പിടിച്ചുപറ്റിയതാണ്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെ ഈ രീതിയിൽ പങ്കെടുപ്പിക്കുന്ന വിധത്തിൽ 'കില'യെ അന്താരാഷ്ട്ര കേന്ദ്രമാക്കി ഉയർത്തുകയും പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യും. 20 നഗരസഭകളിലും 10 പഞ്ചായത്തുകളിലും ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഈ വർഷം നടപ്പാക്കും. മുഴുവൻ പാവപ്പെട്ട കുടുംബങ്ങളേയും 'ആശ്രയ' പദ്ധതിയിൽ ഉൾപ്പെടുത്തും. 325 പഞ്ചായത്തുകളിലും 25 നഗരസഭകളിലും ഈ വർഷം ഈ പദ്ധതി നടപ്പാക്കുന്നതുവഴി 27,500 കുടുംബങ്ങൾക്ക് സഹായം ലഭിക്കും. വൈകല്യമുള്ള കുട്ടികൾക്കായി 5 പരിചരണ കേന്ദ്രങ്ങൾ ഈ വർഷം ആരംഭിക്കും. ഓരോ ജില്ലയിലും ഓരോ മാതൃകാ ഹരിയാലി പ്രോജക്ട് നടപ്പാക്കും. പഞ്ചായത്തുകൾക്കായി കെട്ടിട നിർമ്മാണ ചട്ടം പുറപ്പെടുവിക്കുകയും അത് എല്ലാ പഞ്ചായത്തുകൾക്കും ബാധകമാക്കുകയും ചെയ്യും. നഗര-ഗ്രാമ ആസൂത്രണ നിയമം ഏകോപിപ്പിച്ച് പരിഷ്ക്കരിക്കും. ജനകീയാസൂത്രണ പദ്ധതിയുടെ പങ്കാളിത്തത്തോടെ സംയോജിത ജില്ലാ വികസന പദ്ധതി മൂന്ന് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കും. ജില്ലാ ആസൂത്രണ സമിതി ശക്തിപ്പെടുത്തും. ജില്ലാ പ്ളാനിംഗ് ഓഫീസ്, ഗ്രാമ-നഗര ആസൂത്രണ ഓഫീസ്, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

എന്നിവയുടെ ഭാഗമായി ആസൂത്രണ സമിതികൾ രൂപീകരിക്കും. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ അഴിമതിയും ക്രമക്കേടും തടയുന്നതിന് വിജിലൻസ് സംവിധാനം ആരംഭിക്കും. ഓംബുഡ്സ്മാന്റെ അംഗസംഖ്യ മൂന്നായി ഉയർത്തും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള എല്ലാ ഓഫീസു കൾക്കുംവേണ്ടി സ്വരാജ് ഭവൻ നിർമ്മിക്കും. കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്മാരകം നിർമ്മിക്കും. മുനിസിപ്പാലിറ്റി–പഞ്ചായത്ത് ജീവനക്കാരുടെ പി.എഫ്.–ഉം മറ്റ് അക്കൗണ്ടുകളും കമ്പ്യൂട്ടർവൽക്കരിച്ച് വിതരണത്തിലെ കാലതാമസം ഒഴിവാക്കും. തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി പരിഷ്ക്കരിക്കും. ഗ്രാമീണ ആരോഗ്യ മിഷന്റെ കീഴിൽ എല്ലാ ജില്ലകളിലും ആരോഗ്യ സേവന സംവിധാനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളെ തയ്യാറാക്കും. തദ്ദേശഭരണ സ്ഥാപനത്തിൻകീഴിൽ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള പദ്ധതി കൾ സർവ്വശിക്ഷാ അഭിയാൻ പദ്ധതി ഉപയോഗപ്പെടുത്തി തയ്യാറാക്കും. സംസ്ഥാനത്ത് ഹജ്ജ് കേന്ദ്ര മന്ദിര നിർമ്മാണം ത്വരിതപ്പെടുത്തും. സംസ്ഥാന വഖഫ് നിയമത്തിൽ പരിഷ്ക്കാരം നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പഞ്ചായത്ത് ഓഫീസുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തും. എല്ലാ പഞ്ചായത്ത് ഓഫീസുകളിലും ‘ഫ്രണ്ട്സ് ഓഫീസ്’ സ്ഥാപിക്കാൻ നിർദ്ദേശം നൽകും. നീതീകരിക്കാൻ കഴിയാത്തവിധത്തിൽ നിയമവിരുദ്ധമായി ട്രാൻസ്ഫർ നടത്തിയിട്ടുണ്ടെങ്കിൽ പരിശോധിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.റ്റി.യു.കുരുവിള): ധനാഭ്യർത്ഥന ചർച്ചാവേളയിൽ ഇരുപക്ഷത്തുനിന്നും ഉന്നയിച്ച നിർദ്ദേശങ്ങളും പരാതികളും തുറന്ന മനസ്സോടുകൂടി സർക്കാർ പരിഗണിക്കുന്നതാണ്. കഴിയുന്നത്ര റോഡുകളും പാലങ്ങളും സമയബന്ധിതമായി നിർമ്മിക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തെ ഹൈവേ, പ്രധാനപ്പെട്ട ജില്ലാ റോഡുകൾ, പാലങ്ങൾ എന്നിവയുടെ പണികളുൾപ്പെടെയുള്ള റോഡ് വികസനത്തിനായി ഈ വർഷം 520 കോടി രൂപയുടെയും അടുത്ത വർഷം 203 കോടി രൂപയുടെയും പണികൾ പൂർത്തിയാക്കുന്നതാണ്. കേടുപാടുകൾ സംഭവിച്ച റോഡുകളുടെ പണി തീർക്കുന്നതിനായി 220 കോടി രൂപയുടേയും കെട്ടിട വിഭാഗത്തിൽ 150 കോടി രൂപയുടേയും വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക പരിമിതികൾ കണക്കിലെടുത്ത് സർക്കാരിതര സ്ഥാപനങ്ങളിൽനിന്ന് പണം കണ്ടെത്തി സർക്കാർ ജീവനക്കാർക്ക് തിരുവനന്തപുരത്ത് 500 ക്വാർട്ടേഴ്സുകൾ പണിയാൻ ഉദ്ദേശിക്കുന്നു. ലോകബാങ്ക് സാമ്പത്തിക സഹായത്തോടെ കെ.എസ്.ടി.പി. വഴി പ്രധാനപ്പെട്ട 1600 കിലോമീറ്റർ റോഡിന്റെ നിർമ്മാണവും നവീകരണവും പുനർനിർമ്മാണവും നടന്നുവരുന്നു. 801 കോടി രൂപ ചെലവാക്കി 866 കിലോമീറ്റർ റോഡിന്റെ നവീകരണവും 170 കിലോമീറ്റർ റോഡിന്റെ പുനർനിർമ്മാണ ജോലികളും പൂർത്തിയാക്കിയിട്ടുണ്ട്. 413 കോടി രൂപ അടങ്കൽത്തുക വരുന്ന കാസർകോട്-കാഞ്ഞിരക്കാട്, പാപ്പിനിശ്ശേരി-പിലാത്തറ, തലശ്ശേരി-വളവുപാറ, ചെങ്ങന്നൂർ-കോട്ടയം, തൊടുപുഴ-മണിമല എന്നീ റോഡുകളുടെ പണി ഈ വർഷം ആരംഭിക്കുന്നതാണ്. ഉൾനാടൻ ജലപാതകൾ ഗതാഗതയോഗ്യമാക്കുന്നതിന്റെ ഭാഗമായി ചങ്ങനാശ്ശേരി-ആലപ്പുഴ, കോട്ടയം-വൈക്കം കനാലുകളുടെ നവീകരണ പദ്ധതികൾ

പൂർത്തീകരിക്കുന്നതിനായി റീ–ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്. റോഡ് വികസന ത്തിന് സ്ഥലമെടുക്കുന്നതു സംബന്ധിച്ച തടസ്സങ്ങളും കാലതാമസവും ഒഴിവാക്കുന്നതിന് എം.എൽ.എ.–മാരുടേയും ജനപ്രതിനിധികളുടേയും സഹകരണം അഭ്യർത്ഥി ക്കുന്നതോടൊപ്പം ഒരു നിയമം നിർമ്മിക്കുന്ന കാര്യവും ഗവണ്മെന്റിന്റെ സജീവ പരിഗണനയിലാണ്. പത്തനംതിട്ട, വയനാട്, തൃശൂർ, ആലപ്പുഴ എന്നീ ജില്ലകളിലെ അപകട സാധ്യതയുള്ള റോഡുകളുടെ വികസനത്തിനായി 210 ലക്ഷം രൂപയുടെ സുരക്ഷാ പദ്ധതികൾ അടിയന്തിരമായി നടപ്പാക്കുന്നതും പ്രസ്തുത പദ്ധതിയിലുൾ പ്പെടുത്തി എൻ.എച്ച്.47–ന്റെ ഭാഗമായി തിരുവനന്തപുരം–കൊല്ലം റോഡ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു മോഡൽ റോഡായി വികസിപ്പിക്കുന്നതുമാണ്. 2006–07 വർഷം സംസ്ഥാനത്തെ ദേശീയ പാതകളുടെ വികസനത്തിനായി 105 കോടി രൂപയുടെ പ്രവൃത്തികളും കാലവർഷക്കെടുതിമൂലമുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കാ നായി 35 കോടി രൂപയുടെ എസ്റ്റിമേറ്റും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തൃശൂർ, അങ്കമാലി, വൈറ്റില, അരൂർ എന്നീ നാലുവരിപ്പാതകളുടെ പ്രവൃത്തിക്കായി 392 കോടി രൂപയുടെയും വാളയാർ, വടക്കഞ്ചേരി നാലുവരി പാതയുടെയും വടക്കഞ്ചേരി, തൃശൂർ ആറുവരി പാതയുടെയും വല്ലാർപാടം പോർട്ട് റോഡിന്റെയും പ്രവൃത്തികൾക്കായി 1151 കോടി രൂപയുടെയും പണികൾ ഈ സാമ്പത്തികവർഷം തുടങ്ങുന്നതാണ്. നാഷണൽ ഹൈവേ ഡെവലപ്മെന്റ് പ്രോജക്ട് ഫേസ്–IV–ൽ ഉൾപ്പെടുത്തി കേരളത്തിലെ മറ്റ് ദേശീയപാതകളും ദേശീയപാതാനിലവാരത്തിലുള്ള രണ്ട് വരി പാതകളാക്കുന്നതിന് പ്രാമുഖ്യം നൽകുന്നതാണ്. തലസ്ഥാന നഗര റോഡ്

വികസന പദ്ധതി ആന്വിറ്റി അടിസ്ഥാനത്തിൽ ഏറ്റെടുത്ത് പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ മുഖേനയുള്ള വർക്കുകൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ്. കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ വ്യവസ്ഥപ്രകാരം റോഡ് കയ്യേറ്റവും ഇരുവശങ്ങളിലുള്ള അനധികൃത നിർമ്മാണവും മണ്ണിട്ട് നികത്തലും തടയുന്നതാണ്. മലയോര പ്രദേശങ്ങളിലെ റോഡ് വികസനത്തിന് മുൻഗണന കൊടുക്കുന്നതാണ്. എല്ലാ ജില്ലകളിലും ഭാരമേറിയ വാഹനങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന നിലയിലുള്ള ഉറപ്പോടുകൂടിയ റോഡ് നെറ്റ് വർക്ക് ഉണ്ടാക്കുന്നതാണ്. സംസ്ഥാനത്തെ റോഡുവികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠനം നടത്താനായി 'റൈറ്റ്സ്-നെ ചുമതലപ്പെടുത്തി; അവരുടെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ റോഡ് വികസനത്തിനുള്ള ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുന്നതാണ്. ടൂറിസ്റ്റ് മേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള കാക്കനാട്-പള്ളിക്കര-കിഴക്കമ്പലം റോഡിന്റെ നിർമ്മാണം ബി.ഒ.ടി. അടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന പുരോഗതിക്കുതകുന്ന എല്ലാ നിർദ്ദേശങ്ങളും സ്വാഗതം ചെയ്തുകൊണ്ട് ധനാഭ്യർത്ഥന പാസ്സാക്കിത്തരണ മെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും 26–നെതിരെ 73 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നരം 4.22–ന് പിരിഞ്ഞു.